©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

**പത്തൊൻപതാമത് റിപ്പോർട്ട്**

(2013 ഏപ്രിൽ മാസം 9þാം തീയതി സഭയിൽ സമർപ്പിച്ചതV)

**കേരള കാർഷിക സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല എന്നിവയെ സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

**പത്തൊൻപതാമത് റിപ്പോർട്ട്**

(2013 ഏപ്രിൽ മാസം 9þാം തീയതി സഭയിൽ സമർപ്പിച്ചതV)

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005–2006 മുതൽ 2006–2007 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കേരള കാർഷിക സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

786/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 26 |
| അനുബന്ധം II : സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 45 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2011-2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, എൻ. ഷംസുദീൻ*

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ. സമിതി അംഗത്വം രാജിവച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# ആമുഖം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006 മുതൽ 2006-2007 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കേരള കാർഷിക സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല എന്നിവയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2013 ഏപ്രിൽ മാസം 2-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**വർക്കല കഹാർ,**

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 9.

# റിപ്പോർട്ട്

## കേരള കാർഷിക സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**ഹൈ സ്പീഡ് ഡിജിറ്റൽ കോപ്പിയർ വാങ്ങുന്നതിന് സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ പാലിച്ചില്ല**

ഫോറസ്ട്രി കോളേജ്, വെള്ളാനിക്കര-ഓഡിറ്റ് റിപ്പോർട്ട് : 2004-05-,ഖണ്ഡിക 7

2005 മാർച്ചിൽ ഷാർപ്പ് ബിസിനസ്സ് സിസ്റ്റം ഇന്ത്യ എന്ന സ്ഥാപനത്തിന്റെ അഭ്യർത്ഥന പ്രകാരം സെമിനാർ ഹാളിൽ വച്ച് ഒരു പ്രവർത്തന പ്രദർശനം നടത്താൻ അസോസിയേറ്റ് ഡീൻ സമ്മതിക്കുകയും ഡ്യൂപ്ലെക്സ് ഫോട്ടോകോപ്പിയർ യന്ത്രത്തിന്റെ ബഹുവിധ സൗകര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഫോട്ടോകോപ്പിയർ, ട്രോളി, സ്റ്റെബിലൈസർ എന്നിവയ്ക്കായുള്ള 3 പ്രൊ ഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ എ.ആർ. 5127 ഡ്യൂപ്ലെക്സ് ഫോട്ടോകോപ്പിയറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഷാർപ്പ് ബിസിനസ്സ് സിസ്റ്റംസ്, ഇന്ത്യയ്ക്ക് ഓർഡർ നൽകാൻ വാക്കാൽ നിർദ്ദേശിക്കുകയും ചെയ്തു. പ്രൊ ഫോർമ ഇൻവോയ്സ് 28-3-2005-ലേതും ഫൈനൽ ബിൽ 9-8-2005-ലേതും ആയിരുന്നു. വിദ്യാർത്ഥികളുടെ സൗകര്യങ്ങൾക്കായി കംപ്ട്രോളർ അനുവദിച്ച 4.7 ലക്ഷം രൂപയുടെ ഐ.സി.എ.ആർ. ഗ്രാന്റിൽ നിന്നാണ് ഈ തുക ചെലവാക്കിയിരിക്കുന്നത്.

സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയോ ആവശ്യങ്ങൾ വിലയിരുത്തുകയോ ചെയ്തിട്ടില്ല. ക്വട്ടേഷനുകൾ ക്ഷണിക്കപ്പെട്ടിട്ടില്ല. പ്രദർശനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സ്റ്റോർ പർച്ചേയ്സ് മാന്വലോ കേരള ഫിനാൻഷ്യൽ കോഡോ ഒന്നും കണക്കാക്കാതെ വലിയ തുക ഉൾപ്പെടുന്ന വാങ്ങൽ നടത്തിയിരിക്കുകയാണ്. ഇക്കാര്യത്തിൽ അസോസിയേറ്റ് ഡീനിന്റെ അധികാരങ്ങൾ അനുയോജ്യമല്ലാത്ത രീതിയിൽ ഉപയോഗിച്ചിരിക്കുകയാണ്. നിയമപ്രകാരം പ്രവർത്തിക്കാനുള്ള അധികാരമാണ് അദ്ദേഹത്തിന് ഉള്ളത്. ഇതിൽ ഉൾപ്പെടുത്തിയ തുകയായ 1,57,854 രൂപ തടസ്സം ചെയ്തിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.5.1.)

1. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാരനടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

2. ഓഡിറ്റ് പരാമർശത്തിന്മേൽ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞപ്പോൾ അനുവദിക്കപ്പെട്ട ഫണ്ട് ലാപ്സ് ആകാതെ ഉപയുക്തമാക്കുന്നതിനുവേണ്ടിയാണ് ധനകാര്യവർഷം അവസാനിക്കുന്ന സമയത്ത് ഡിജിറ്റൽ ഫോട്ടോകോപ്പിയർ വാങ്ങിയതെന്നും ആയതിനാൽ നേരിട്ട് പ്രൊ ഫോർമ ഇൻവോയിസ് വാങ്ങി ഓർഡർ കൊടുക്കുകയാണ് ചെയ്തതെന്നും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മരിച്ചുപോയെന്നും കാർഷിക സർവ്വകലാശാലയിലെ പ്രൊഫസർ ഡോ. ബേബി സ്കറിയ സമിതിയിൽ വിശദീകരിച്ചു.

3. വാങ്ങിയ ഡിജിറ്റൽ ഫോട്ടോകോപ്പിയർ വളരെ ഗുണമേന്മയുള്ള മെഷീനാണെന്നും ഇപ്പോഴും നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും, കോളേജിലും കോളേജിനു പുറത്തുവച്ചും നടത്തപ്പെട്ട സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവയ്ക്കാവശ്യമായ ഡോക്യുമെന്റുകളുടെ ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതിന് പ്രസ്തുത മെഷീൻ ഉപയോഗിക്കാൻ സാധിക്കുന്നുണ്ടെന്നും, കാർഷിക സർവ്വകലാശാല ഫോറസ്ട്രി കോളേജിലെ അസോസിയേറ്റ് ഡീൻ ഡോ. കെ. സുധാകര സമിതിയിൽ വ്യക്തമാക്കി.

4. മെഷീൻ വാങ്ങിയ ഉദ്യോഗസ്ഥൻ 29-4-2006-ൽ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് കത്തയച്ചെങ്കിലും അദ്ദേഹത്തിൽ നിന്നും മറുപടി കിട്ടിയില്ലെന്നും ടിയാൻ 23-6-2008-ൽ മരണപ്പെട്ടെന്നും സർവ്വകലാശാല ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. സ്റ്റോർ പർച്ചേയ്സ് മാന്വൽ പാലിക്കാതെ മെഷീൻ വാങ്ങിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അന്തരിക്കുന്നതിനു മുൻപ് നടപടിയെടുക്കേണ്ടതായിരുന്നുവെന്ന് സമിതി ചൂണ്ടിക്കാട്ടി.

5. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗ് പോലെ ഓഡിറ്റ് സമയത്തുതന്നെ ഓഡിറ്റ് തടസ്സങ്ങളിന്മേൽ വിശദീകരണം തേടുന്നതാണ് അഭികാമ്യമെന്നും അതിനു ശേഷമേ റിപ്പോർട്ട് സഭ മുമ്പാകെ സമർപ്പിക്കാവൂ എന്നും സമിതി ഈയവസരത്തിൽ അഭിപ്രായപ്പെട്ടു. എ.ജി.യുടേയും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഇപ്പോൾ റിവ്യൂ ചെയ്യാറുണ്ടെന്ന് സർവ്വകലാശാല കംപ്ട്രോളർ സമിതിയിൽ വ്യക്തമാക്കി. ഈ മെഷീൻ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെങ്കിലും റൂൾ ലംഘിച്ചാണ് മെഷീൻ വാങ്ങിയത്. ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു ഓഡിറ്റ് വിംഗ് യൂണിവേഴ്സിറ്റികളിൽ പ്രവർത്തിക്കുമ്പോഴാണ് ഇപ്രകാരമുള്ള ചട്ടലംഘനങ്ങൾ നടക്കുന്നത് എന്നുള്ളത് ഓഡിറ്റ് പരാമർശത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നുവെന്ന് സമിതി വ്യക്തമാക്കി.

6. സ്റ്റോർ പർച്ചേയ്സ് മാന്വൽ അനുസരിച്ചാണ് ഇപ്പോൾ വാങ്ങലുകൾ നടത്തുന്നതെന്നും ഡിജിറ്റൽ കോപ്പിയർ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള സർവ്വകലാശാലയുടെ മറുപടിയെ തുടർന്ന് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

7. **കേരള കാർഷിക സർവ്വകലാശാലയ്ക്ക് ലഭിച്ച ഐ.സി.എ.ആർ. ഗ്രാന്റിൽ നിന്നും 1,57,854 രൂപ ചെലവാക്കി ഷാർപ്പ് ബിസിനസ്സ് സിസ്റ്റം, ഇന്ത്യ എന്ന സ്ഥാപനത്തിൽ നിന്നും ഒരു ഹൈ സ്പീഡ് ഡിജിറ്റൽ ഫോട്ടോകോപ്പിയർ വാങ്ങിയ ഇടപാടിൽ സ്റ്റോർ പർച്ചേയ്സ് നിയമങ്ങളോ കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകളോ പാലിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാന്റ് തുക വർഷാന്ത്യത്തിൽ മാത്രമാണ് ലഭിച്ചതെന്നും ബഹുവിധ സൗകര്യങ്ങളുള്ളതും എന്നാൽ സുലഭമല്ലാത്തതുമായ മെഷീനായതുകൊണ്ടാണ് പ്രസ്തുത നടപടി സ്വീകരിച്ചതെന്നാണ് ഇത് സംബന്ധിച്ച് സർവ്വകലാശാലയ്ക്ക് നല്കുവാനുള്ള വിശദീകരണം. ഓഡിറ്റ് പരാമർശത്തിന് വിധേയമായ വാങ്ങൽ നടത്തിയ ഓഫീസർ സർവ്വീസിൽ നിന്നും വിരമിച്ചതിനുശേഷം മരണപ്പെട്ടതായും സമിതി മനസ്സിലാക്കുന്നു.**

**8. ചട്ടങ്ങൾക്ക് വിരുദ്ധമായി ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങിയതിന് സർവ്വകലാശാല നല്കിയ വിശദീകരണം ന്യായീകരിക്കതക്കതല്ല. ഈ വിഷയത്തിലുള്ള ഓഡിറ്റ് തടസ്സം യഥാസമയം ഉന്നയിക്കുന്നതിൽ ഓഡിറ്റ് വകുപ്പിന്റെ ഭാഗത്തു നിന്നും കാലതാമസം വന്നിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ തദവസരത്തിൽ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നോട്ടീസ് നല്കി മറുപടി തേടേണ്ടതും തൃപ്തികരമല്ലാത്തപക്ഷം ഓഡിറ്റ് ഒബ്ജക്ഷൻ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ അനുവർത്തിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതുമായിരുന്നു. ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങിയതിൽ ക്രമക്കേട് കണ്ടെത്തിയതിനും ആയത് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയതിനും ഇടയ്ക്കുള്ള കാലയളവിൽ ക്രമക്കേടിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിക്കുകയും ഓഡിറ്റ് തടസ്സത്തിന്മേൽ വിശദീകരണമാരാഞ്ഞുകൊണ്ടുള്ള നോട്ടീസിന് മറുപടി ലഭ്യമാക്കാതെ മരണപ്പെടുകയും ചെയ്തിരിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലുള്ള വിപുലമായൊരു ഓഡിറ്റ് വിംഗ് സർവ്വകലാശാല കോമ്പൗണ്ടിൽ പ്രവർത്തിച്ചു കൊണ്ടിരുന്നിട്ടും നടപടിക്രമങ്ങൾ പാലിച്ച് ക്രമക്കേടിനുത്തരവാദികളായവരുടെ പേരിൽ യഥാസമയം നടപടി സ്വീകരിക്കാൻ കഴിയാതെ പോയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.**

**9. സ്റ്റോർ പർച്ചേയ്സ് മാന്വലിലെ ചട്ടങ്ങളും കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകളും പാലിക്കാതെ പർച്ചേസ് നടത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. നടപടിക്രമങ്ങൾ പാലിക്കാതെ ഫോട്ടോകോപ്പിയർ വാങ്ങിയ പ്രവൃത്തി യാതൊരു കാരണവശാലും ന്യായീകരിക്കത്തക്കതായി സമിതി കാണുന്നില്ല. എന്നാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിന്റെയും മെഷീൻ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്ന് കാണുന്നതിന്റേയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**യൂണിവേഴ്സിറ്റി തൊഴിലാളികൾ ചെയ്ത ജോലികൾക്ക് കരാർ അടിസ്ഥാനത്തിൽ എന്നപോലെ പ്രതിഫലം നൽകി.**

കൃാമ്പസ് ഡെവലപ്മെന്റ് ആന്റ് സെൻട്രൽ നഴ്സറി, വെള്ളാനിക്കര
ഓഡിറ്റ് റിപ്പോർട്ട് : 2004-05, ഖണ്ഡിക 7

കരാർ രീതിയിലുള്ള ചെലവുകൾ പരിശോധിച്ചതിൽ ഫാമിലെ സ്ഥിരം തൊഴിലാളികൾക്ക് തുക നൽകിയതായി കാണുന്നു. ഫാമിലെ റെഗുലർ ഡ്യൂട്ടിക്ക് തടസ്സം വരാത്തരീതിയിൽ ആയാലും സ്ഥിരം തൊഴിലാളികളെക്കൊണ്ട് കരാർ രീതിയിൽ ജോലി ചെയ്യിക്കുവാൻ യൂണിവേഴ്സിറ്റിയുടെ അനുവാദമില്ല. മാത്രമല്ല ഡി.എം.എസിലോ മസ്റ്റർ റോളിലോ സ്ഥിരം തൊഴിലാളികൾ ചെയ്ത റെഗുലർ വർക്ക് രേഖപ്പെടുത്തിയിട്ടില്ല. തുക നൽകിയതിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ നൽകിയ 59,475 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഈരീതിയിൽ നൽകിയ തുകകളുടെ വിശദാംശങ്ങൾ താഴെ കാണിച്ചിരിക്കുന്നു :

| *ക്രമ നമ്പർ* | *വൗച്ചർ നമ്പർ* | *വർക്ക് ബിൽ നമ്പർ* | *പ്രവൃത്തിയുടെ വിവരം* | *സ്ഥിരം തൊഴിലാളി യുടെ പേര്* | *രൂപ* |
|---|---|---|---|---|---|
| 1 | 19/11-4-2005 | 36 | ഡ്രെയിനേജ് വൃത്തിയാക്കലും അറ്റകുറ്റപണിയും | സി. വി. വാസുദേവൻ, ചങ്ങനാശ്ശേരി വീട് | 19,375 |
| 2 | 28/4-4-2005 | 36 | പറമ്പ് തെളിക്കൽ (അഗ്രി ഓപ്പറേഷൻ) | പി. എ. കുഞ്ഞുമോൻ, പുളിനതോട്ടിൽ, ആശാരിക്കാട് | 4,000 |
| 3 | 18/4-4-2005 | 36 | ടി | വി. എം. മുഹമ്മദ്, വലികത്ത് തോട്ടപ്പടി | 3,000 |
| 4 | 13/6-4-2005 | 36 | ടി | ടി | 3,750 |
| 5 | 9/6-4-2005 | 36 | ടി | പി. എൻ. കുഞ്ഞുവാവ, പുത്തൻവീട്ടിൽ | 4,500 |
| 6 | 1/4-4-2005 | 36 | ടി | എം. എൻ. മോഹനൻ, മാങ്കുഴി | 5,250 |
| 7 | 38/12-04 | 36 | കവർ നിറയ്ക്കൽ, തൈ നടൽ | സി. എസ്. സതി, ചക്കുങ്ങൽ, വെള്ളാനിക്കര | 19,600 |
| | | | | ആകെ | 59,475 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.5.2.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാരനടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

10. യൂണിവേഴ്സിറ്റിയിലെ സ്ഥിരം തൊഴിലാളികൾക്ക് കരാർ അടിസ്ഥാനത്തിലെന്ന പോലെ തൊഴിൽനൽകി പ്രതിഫലം നൽകിയതാണ് പ്രശ്നമെന്നും, ഈ വിഷയവും ഇതിനു സമാനമായ മറ്റു കാര്യങ്ങളെ സംബന്ധിച്ചും വിശദമായ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്നും കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു. 2-11-2010-ൽ കൃഷിവകുപ്പ് സെക്രട്ടറിയുടെ ശുപാർശയോടുകൂടി കേസ് വിജിലൻസിനു കൊടുത്തിരിക്കുകയാണെന്ന് കൃഷിവകുപ്പ് അഡീഷണൽ സെക്രട്ടറി ഈയവസരത്തിൽ വ്യക്തമാക്കി.

11. വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തി അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സർവ്വകലാശാല ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിൻമേൽ കൃഷി (ഫാംസ്) വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു :

12. "ശ്രീ. ബാബു എം. ഫിലിപ്പിനെതിരെയുള്ള വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തുവാൻ വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സസ്പെൻഷനിൽ നിൽക്കുന്ന ടിയാനെ സർവ്വീസിൽ തിരിച്ചെടുക്കേണ്ടതില്ല എന്ന് സസ്പെൻഷൻ റിവ്യൂ കമ്മിറ്റി തീരുമാനമെടുത്തതായി വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

13. **വെള്ളാനിക്കര ക്യാമ്പസ് ഡെവലപ്മെന്റ് ആന്റ് സെൻട്രൽ നഴ്സറി യിൽ യൂണിവേഴ്സിറ്റിയിലെ സ്ഥിരം തൊഴിലാളികൾ ചെയ്ത ജോലികൾക്ക് കരാർ അടിസ്ഥാനത്തിൽ എന്നപോലെ വേതനം നല്കിയത് ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ടി കോളേജിലെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നതായും ഓഡിറ്റ് പരാമർശത്തിന് വിധേയനായ ഉദ്യോഗസ്ഥൻ സസ്പെൻഷനിലാണെന്നും സമിതി മനസ്സിലാക്കുന്നു. ക്രമക്കേടിന് ഉത്തരവാദിയാണെന്ന് സംശയിക്കപ്പെടുന്ന സസ്പെൻഷനിലായിരിക്കുന്ന ഉദ്യോഗ സ്ഥന് ഇനിയും അഞ്ചു വർഷത്തോളം സർവ്വീസ് അവശേഷിക്കുന്നുവെന്നാണ് 9-11-2010-ലെ തെളിവെടുപ്പു യോഗത്തിൽ ഹാജരായ സർവ്വകലാശാല രജിസ്ട്രാറുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. പ്രസ്തുത വിജിലൻസ് അന്വേഷണം ത്വരി തപ്പെടുത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെപേരിൽ കർശനമായ നടപടി എടു ക്കുകയും സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം ടി ഉദ്യോഗസ്ഥരിൽ നിന്നും ഈടാ ക്കുകയും ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരങ്ങളുടെ ലേലം-അപാകതകൾ**

(പെപ്പർ റിസർച്ച് സ്റ്റേഷൻ, പന്നിയൂർ) ഓഡിറ്റ് റിപ്പോർട്ട് : 2004-05, ഖണ്ഡിക 3 ഫയൽ നമ്പർ പി.1.491/04)

മരങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ (ഫയൽ നമ്പർ പി1–491/04) താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

ജീർണ്ണിച്ചതും കാറ്റിൽ വീണതുമായ 24 മരങ്ങളുടെ ലേലം 8-10-2004-ൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് നടത്തുകയുണ്ടായി. ആയതിന് ഉയർന്ന ലേല തുകയായ 33,400 രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച മരങ്ങളുടെ മൂല്യനിർണ്ണയം കേവലം 564 രൂപയായി ഫോറസ്ട്രി കോളേജധികൃതർ നിശ്ചയിച്ചു കാണുന്നു. ടി കാലയളവിലെ മാർക്കറ്റ് വിലയുമായി തട്ടിച്ചു നോക്കുമ്പോൾ മേൽ നിർണ്ണയിച്ച വില വളരെ തുച്ഛമാണെന്നും കാണുന്നു.

10-2-2005-ൽ 62 മരങ്ങളുടെ മറ്റൊരു ലേലം നടത്തുകയും ആയതിന് ഏറ്റവും ഉയർന്ന ലേല തുകയായ 22,300 രൂപയ്ക്ക് ഹംസ എന്നയാളുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുകയും ചെയ്തു. ടിയാൻ അന്നുതന്നെ ലേലത്തുക മുഴുവനും ഗവേഷണ കേന്ദ്രത്തിൽ അടയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ അന്നുതന്നെ ഗവേഷണ കേന്ദ്രത്തിനു പുറത്തുവെച്ച് മരങ്ങളുടെ പുനർലേലം നടത്താൻ ശ്രമിക്കുന്നതായി കേന്ദ്രത്തിലെ തൊഴിലാളികൾ മനസ്സിലാക്കുകയും പുനർലേലം നടക്കുന്നത് തടയുകയും ചെയ്തു. കാർഷിക ഗവേഷണ കേന്ദ്രത്തിൽ ജോലി ചെയ്തുവരുന്ന വിവിധ ട്രേഡ് യൂണിയനുകളിൽപ്പെട്ട തൊഴിലാളികൾ ശ്രീ. ഹംസയുടെ പേരിൽ സ്ഥിരപ്പെടുത്തിയ ലേലം അസാധുവാക്കണമെന്നാവശ്യപ്പെട്ട് സംയുക്തമായി ഒപ്പിട്ട ഒരു നിവേദനം ഗവേഷണ കേന്ദ്രം മേധാവിക്ക് നൽകുകയുണ്ടായി. നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിന്റെ മേധാവി, തൊഴിലാളികളും നേതാക്കളുമായി ചർച്ച നടത്തുകയും ഹംസയുടെ പേരിൽ സ്ഥിരപ്പെടുത്തിയ ലേലം അസാധുവാക്കുകയും പുനർലേലത്തിന് ഉത്തരവിടുകയും ചെയ്തു. 26-4-2005-ൽ നടത്തിയ പുനർലേലത്തിൽ ശ്രീ. ടി. സി. വിൽസൺ എന്നയാളുടെ പേരിൽ 88,000 രൂപയ്ക്ക് ലേലം ഉറപ്പിക്കുകയുണ്ടായി. മുൻലേലത്തെ അപേക്ഷിച്ച് 65,700 രൂപയുടെ ലാഭമാണ് ഈ പുനർലേലത്തിലൂടെ ഗവേഷണ കേന്ദ്രത്തിനുണ്ടായത്. ലേലം ചെയ്ത മരങ്ങളുടെ മൂല്യനിർണ്ണയം നടത്തിയ കാർഷിക സർവ്വകലാശാലയിലെ ഫോറസ്ട്രി കോളേജധികൃതർ കേവലം 10,058 രൂപയാണ് മൂല്യമായി കണക്കാക്കിയിരുന്നത്. ഫോറസ്ട്രി കോളേജധികൃതരുടെ വിലയിരുത്തൽ വിശ്വാസയോഗ്യമല്ലായെന്നു വരുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07 ഖണ്ഡിക നമ്പർ 5.5.3.)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

14. മരങ്ങളുടെ ലേല വിലയിൽ വ്യത്യാസം വന്നതിനെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, അക്കാലത്ത് ഓരോ സ്റ്റേഷനിൽ നിന്നും ഉണങ്ങിയതും ജീർണ്ണിച്ചതുമായ മരങ്ങളുടെ റിപ്പോർട്ട് കൊടുക്കുമ്പോൾ ഫോറസ്ട്രി കോളേജിലെ വിദഗ്ദ്ധർ അവർക്ക് കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു വില നിർണ്ണയിച്ചിരുന്നതെന്നും ഇപ്പോൾ വനം വകുപ്പുമായി ചേർന്നാണ് വിലനിർണ്ണയം നടത്തുന്നതെന്നും രജിസ്ട്രാർ വിശദീകരിച്ചു. സർവ്വകലാശാല തൊഴിലാളികളുടെ ശക്തമായ ഇടപെടലിനെത്തുടർന്നാണ് പുനർലേലം നടത്താനിടയായതെന്നും ഇതിനെത്തുടർന്നാണ് ഗവേഷണ കേന്ദ്രത്തിന് ഉയർന്ന തുക ലഭിക്കാനിടയായതെന്നും, ഈ ജാഗ്രത സർവ്വകലാശാല അധികൃതർക്കുണ്ടായില്ലെന്നും സമിതി കുറ്റപ്പെടുത്തി. തുടർന്ന് രജിസ്ട്രാറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

15. **സർവ്വകലാശാലാ തൊഴിലാളികളുടെ ശക്തമായ ഇടപെടലിനെ തുടർന്നാണ് മരങ്ങളുടെ പുനർലേലം നടന്നതെന്നും തത്ഫലമായാണ് ഗവേഷണ കേന്ദ്രത്തിന് ഉണ്ടാകാമായിരുന്ന നഷ്ടം ഒഴിവായി ഉയർന്ന തുക ലഭിച്ചതെന്നും സമിതി നിരീക്ഷിച്ചു. തൊഴിലാളികൾ കാണിച്ച താല്പര്യംപോലും സർവ്വകലാശാല അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടാകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.**

16. **ഇപ്പോൾ മരങ്ങളുടെ ലേലവും വിലനിർണ്ണയവും വനം വകുപ്പുമായി ചേർന്നാണെന്നും മരങ്ങളുടെ ലേലത്തിൽ വന്ന അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നുമുള്ള രജിസ്ട്രാറുടെ വിശദീകരണത്തിന്റെയും, സർവ്വകലാശാലയ്ക്കുണ്ടാകാമായിരുന്ന നഷ്ടം ഒഴിവായതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സീഡ് ജെർമിനേറ്റർ-നാളിതുവരെ ലഭ്യമാക്കിയില്ല**

കെ.എസ്.സി.എസ്.ടി.ഇ. സ്കീം എ.എം.പി.ആർ.എസ്. ഓടക്കാലി ഓഡിറ്റ് റിപ്പോർട്ട് : 2005-06, ഖണ്ഡിക 5 (സി.ബി.വി. 154/3/2005-06-1,05,120 രൂപ)

എ.എം.പി.ആർ.എസ്. ഓടക്കാലി എന്ന സ്ഥാപനത്തിലെ കെ.എസ്.സി.എസ്.ടി.ഇ. ഡവലപ്മെന്റ് ഓഫ് അഗ്രോ ടെക്നിക്സ് ഇൻ സെലക്റ്റഡ് മെഡിസിനൽ ട്രീസ് ഓഫ് കേരള (2005–06) സ്കീമിനുവേണ്ടി സീഡ് ജെർമിനേറ്റർ ലഭ്യമാക്കുന്നതിനായി മെസേഴ്സ് ബി. ആന്റ് സി. ഇൻഡസ്ട്രീസ്, വെസ്റ്റ് വെങ്ങോല, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് 1,05,120 രൂപ കൊടുത്തിട്ടുണ്ട്. 27-2-2006-ലെ കരാർ പ്രകാരം ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കേണ്ടിയിരുന്ന പ്രസ്തുത ഉപകരണം നാളിതുവരെ കൈപ്പറ്റിയിട്ടില്ല. ഇപ്രകാരം വീഴ്ച വരുത്തുന്ന സംഗതിയിൽ സീഡ് ജെർമിനേറ്റർ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി കൂടുതലായി ചെലവ് വരുന്ന തുക മെസേഴ്സ് ബി. ആന്റ് സി. ഇൻഡസ്ട്രീസിൽ നിന്ന് ഈടാക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടായിരുന്നിട്ടും അപ്രകാരം ചെയ്യാതിരുന്നത് ദുരൂഹമാണ്. തുക കൈമാറിയിട്ടും നാളിതുവരെ ഉപകരണം ലഭ്യമാക്കാത്തത് ക്രമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ ചെലവ് ചെയ്ത 1,05,120 രൂപ ഗ്രാന്റിന് അനുവദനീയമല്ലാത്തതായി ഓഡിറ്റിൽ കണക്കാക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.5.4.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാരനടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

17. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലഭിച്ച ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**18. സീഡ് ജെർമിനേറ്റർ വാങ്ങലുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശ ത്തിൻമേൽ (ഉപകരണം പ്രോഗ്രാമിംഗ് നടത്തി ലഭ്യമാക്കിയിട്ടുണ്ടെന്നും 2005-06 വർഷത്തിലേക്ക് വകയിരുത്തിയ തുക ഓഡിറ്റ് നിരാകരണംമൂലം 2006–07 വർഷ ത്തേക്ക് അനുവദിച്ചു ക്രമപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള) സർവ്വകലാശാലയുടെ തൃപ്തികരമായ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## മഹാത്മാഗാന്ധി സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**ശമ്പള നിർണ്ണയത്തിനും അധികവേതനം**

ശമ്പള പരിഷ്ക്കരണ ഉത്തരവ് അനുസരിച്ച് സർവ്വകലാശാല ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച് നിർണ്ണയിച്ച് കുടിശ്ശിക ബില്ല് തയ്യാറാക്കി പരിശോധിച്ചതിന് അധികവേതനം. 1997-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് നടപ്പാക്കുന്നതിനാണ് 59 പേർക്ക് 2,03,640 രൂപ അധിക വേതനം നൽകിയത്.

കെ. എസ്. ആർ. ബാധകമായ സർവ്വകലാശാല ജീവനക്കാർക്ക് അധിക വേതനം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥയും ഇവിടെ പാലിച്ചില്ല. മാത്രമല്ല ശമ്പള പരിഷ്ക്കരണം പോലെ ജീവനക്കാരുടെ ബാദ്ധ്യതയിൽപ്പെടുന്ന ജോലിക്ക് അധികവേതനം ക്രമവിരുദ്ധമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഖണ്ഡിക നമ്പർ 4.2.1 (ii)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. അധികവേതനമായി 2,03,640 രൂപ കൊടുത്തതിന് സർക്കാർ അനുമതിക്ക് ഇതേവരെ അപേക്ഷിച്ചിട്ടില്ലെന്നതാണ് ഓഡിറ്റ് പരാമർശം. യൂണിവേഴ്സിറ്റിയിലെ രണ്ടായിരത്തോളം ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന്, ജീവനക്കാർ അവരുടെ ദൈനംദിന ഓഫീസ് ജോലികൾക്കുപുറമേ ജോലി സമയത്തിനു ശേഷവും അധികജോലി ചെയ്തതിനുള്ള വേതനമായാണ് ഈ തുക നല്കിയിരിക്കുന്നതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ വിശദീകരണം നൽകി. ഗവൺമെന്റിന്റെ അനുമതിയില്ലാതെ ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കരുത് എന്ന് സമിതി താക്കീതു നൽകുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശി ക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

20. **സർവ്വകലാശാല ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം അനുവദിച്ച ശമ്പളം നിർണ്ണയിക്കുന്നതിന് അധികവേതനം നൽകിയതിന് സർക്കാരിന്റെ അനുമതി കിട്ടിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ജീവനക്കാർ അവരുടെ ദൈനംദിന ജോലികൾക്ക് പുറമേ ഓഫീസ് സമയത്തിനുശേഷവും അവധി ദിവസങ്ങളിലും ജോലി ചെയ്തതിനാണ് അധികവേതനം നൽകിയതെന്ന വിശദീകരണം പരിഗണിക്കപ്പെടേണ്ടതാണെങ്കിലും ആയത് സർക്കാർ അനുമതി ലഭ്യമായതിനുശേഷം നല്കുകയായിരുന്നു ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. സർക്കാരിന്റെ അനുമതിയില്ലാതെ അധികവേതനം നല്കിയ സർവ്വകലാശാലയുടെ നടപടി ന്യായീകരിക്കത്തക്കതല്ലെങ്കിലും ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ പ്രയോജനം യഥാസമയം ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനും പ്രസ്തുത ജോലി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി അവധി ദിവസങ്ങളിലുൾപ്പെടെ ദൈനംദിന ജോലികൾക്ക് പുറമേ ചെയ്ത അധിക ജോലിക്ക് നൽകിയ വേതനം എന്നത് മുൻനിർത്തി, സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്ന താക്കീതോടെ, ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റോണിയോ ഓപ്പറേറ്റർമാർക്ക് പ്രത്യേക ബത്ത**

ഉന്നത വിദ്യാഭ്യാസ വകുപ്പ് തടഞ്ഞിട്ടും സർവ്വകലാശാല റോണിയോ ഓപ്പറേറ്റർമാർക്ക് നൽകിവരുന്ന പ്രത്യേക ബത്ത നിർത്തിയില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് തിരിച്ചു പിടിക്കാൻ ആവശ്യപ്പെട്ടിട്ടും നടപടിയുണ്ടായില്ല. കൂടാതെ ഇവർക്ക് അനുവദനീയമല്ലാത്ത അനുപാത സ്ഥാനക്കയറ്റം നൽകി 1996 മുതൽ 3/2003 വരെ 5,97,632 രൂപ അധികം ചെലവും കാണുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഖണ്ഡിക നമ്പർ 4.2.1 (iii).]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

21. റോണിയോ ഓപ്പറേറ്റർമാർക്ക് പ്രതിമാസം 100 രൂപ പ്രത്യേക ബത്ത അനുവദിച്ചുകൊണ്ട് 5-1-2008-ലെ സർക്കാർ ഉത്തരവുണ്ടെന്നും എന്നാൽ ഇതിന് മുൻകാല പ്രാബല്യമില്ലെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

22. **റോണിയോ ഓപ്പറേറ്റർമാർക്ക് പ്രത്യേക ബത്ത നല്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് 5-1-2008-ൽ ആണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കാലയളവിൽ ടി ബത്ത**

**സർവ്വകലാശാലാ ജീവനക്കാർക്ക് നല്കുവാൻ വ്യവസ്ഥയുണ്ടായിരുന്നില്ല. അതേ സമയം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജനറൽ അഡ്മിനിസ്ട്രേഷൻ (പൊളിറ്റിക്കൽ എ) വകുപ്പിലെ ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാർക്ക് മാത്രം പ്രസ്തുത ബത്ത അനുവദിച്ചിട്ടുള്ളതായി സമിതി നിരീക്ഷിച്ചു. റോണിയോ ഓപ്പറേറ്റർമാർക്ക് പ്രത്യേക ബത്ത അനുവദിച്ചുകൊണ്ടുള്ള 5-1-2008-ലെ സർക്കാർ ഉത്തരവിൽ മുൻകാല പ്രാബല്യം സംബന്ധിച്ച് പരാമർശമില്ല എന്ന കാരണത്താൽ മുന്നോട്ടുള്ളത് കൊടുക്കുമ്പോൾ ആദ്യം നല്കിയത് ക്രമരഹിതമെന്ന് പറയുവാൻ സാധിക്കുകയില്ലെന്നും ഒരിക്കൽ പ്രദാനം ചെയ്ത സേവനത്തിനാണ് ബത്ത നല്കിയതെന്നുമാണ് ഇതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി നല്കിയ വിശദീകരണം. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻ പരീക്ഷാ കൺട്രോളർക്ക് (ഡോ. എൻ. രാമചന്ദ്രൻ) ഫീഡർ തസ്തികയിൽ അധിക ഇൻക്രിമെന്റുകൾ നൽകിയത്**

കെ.എസ്.ആറിന് വിരുദ്ധമായി മുൻപരീക്ഷാ കൺട്രോളർക്ക് ഫീഡർ തസ്തികയിൽ 1-1-1996 മുതൽ മുൻകാലപ്രാബ്യലത്തോടെ 3 അധിക ഇൻക്രിമെന്റുകൾ അനുവദിച്ചതായി കാണുന്നു. ഇതിനാൽ 1,75,255 രൂപ അധിക ചെലവ് കണക്കാക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഖണ്ഡിക നമ്പർ 4.2.1 (iv)(2).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. സ്റ്റാറ്റ്യൂട്ട് അനുസരിച്ച് അധിക ഇൻക്രിമെന്റ് നൽകിയത് ക്രമവിരുദ്ധമാണെന്നും പ്രൊഫസ്സറുടെ ശമ്പള സ്കെയിലിൽ കുറയരുതെന്നു മാത്രമേ സ്റ്റാറ്റ്യൂട്ടിൽ പറയുന്നുള്ളൂവെന്നും മൂന്ന് ഇൻക്രിമെന്റുകൾ കൂട്ടിക്കൊടുത്തത് ശരിയായില്ലെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

24. യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പ്രകാരം കൺട്രോളറുടെ ശമ്പളം നിശ്ചയിക്കുന്നതിനുള്ള അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണെന്നും അതേസമയം ശമ്പള സ്കെയിൽ കൃത്യമായി സ്റ്റാറ്റ്യൂട്ടിൽ നിർവ്വചിച്ചിട്ടില്ലെന്നും മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

25. ഇൻക്രിമെന്റ് നൽകിയത് ശരിയല്ലെന്ന ഓഡിറ്റ് ഒബ്ജക്ഷന്റെ അടിസ്ഥാനത്തിൽ മുൻപരീക്ഷാ കൺട്രോളർ ഡോ. സാലിഹുവിൽ നിന്നും ഇൻക്രിമെന്റ് തിരിച്ചുപിടിച്ചതുപോലെ ഡോ. രാമചന്ദ്രനു നൽകിയ അധിക ഇൻക്രിമെന്റും തിരിച്ചുപിടിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. മൂന്നു മാസത്തിനകം തുക തിരിച്ചു പിടിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സിൻഡിക്കേറ്റിന് ഇതു സംബന്ധമായി എന്തെങ്കിലും എതിരഭിപ്രായമുണ്ടെങ്കിൽ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഇതുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു :

26. "അധികം നൽകിയ തുകയായ 1,75,255 രൂപ കത്ത് ലഭിച്ച് രണ്ട് മാസത്തിനകം ഡിമാന്റ് ഡ്രാഫ്റ്റായോ പണമായോ തിരികെ അടയ്ക്കുവാൻ മുൻ പരീക്ഷാ കൺട്രോളർ ഡോ. എൻ. രാമചന്ദ്രനോട് 31-12-2010-ലെ Regr/02/ 328/2010 നമ്പർ കത്തുപ്രകാരം എം. ജി. യൂണിവേഴ്സിറ്റി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെ ടി തുക അടവാക്കിയിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

27. **സർവ്വകലാശാലയിലെ പരീക്ഷാ കൺട്രോളറുടെ വേതനം നിശ്ചയിക്കുന്നതിന് സിൻഡിക്കേറ്റിന് അധികാരമുണ്ടെന്നും ടി വേതനം ഒരു യൂണിവേഴ്സിറ്റി പ്രൊഫസറുടെ ശമ്പളത്തിൽ കുറയരുതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഒരു പ്രൊഫസറുടെ ശമ്പളത്തേക്കാൾ കൂട്ടി എത്ര വേതനവും നൽകുവാൻ സിൻഡിക്കേറ്റിന് അധികാരമുണ്ടെന്ന തെറ്റായ ധാരണയിലാണ് കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി പരീക്ഷാ കൺട്രോളർക്ക് മൂന്ന് ഇൻക്രിമെന്റുകൾ നല്കിയിട്ടുള്ളത്. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പരീക്ഷാ കൺട്രോളറുടെ മുൻഗാമിക്ക് ഇതുപോലെ ക്രമവിരുദ്ധമായി നല്കിയ ഇൻക്രിമെന്റുകൾ അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച തടസ്സവാദത്തെ തുടർന്ന് തിരിച്ചടച്ച അനുഭവവും പരാമർശവിധേയമായ മേൽ ഓഡിറ്റ് ഖണ്ഡികയിൽ പരീക്ഷാ കൺട്രോളർക്ക് ഈ വിധത്തിൽ ഇൻക്രിമെന്റ് നല്കുന്നതിനോട് മുൻസിൻഡിക്കേറ്റിന്റെ എതിർ തീരുമാനവും മുന്നിലുണ്ടായിരുന്നിട്ടും അധിക ഇൻക്രിമെന്റുകൾ നല്കുവാൻ പുതിയ സിൻഡിക്കേറ്റ് എടുത്ത തീരുമാനം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായ അധികാരത്തിന്റെ ദുരുപയോഗമാണെന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ പ്രസ്തുത തീരുമാനം ക്രമവിരുദ്ധമാണെന്ന തെളിവെടുപ്പ് വേളയിലെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. പരീക്ഷാ കൺട്രോളർക്ക് ക്രമവിരുദ്ധ ഇൻക്രിമെന്റായി അധികം നല്കിയ തുകയായ 1,75,255 രൂപ മൂന്നു മാസത്തിനുള്ളിൽ തിരിച്ച്പിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന തെളിവെടുപ്പ് വേളയിലെ സമിതിയുടെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെ സമിതിക്ക് ലഭിച്ചിട്ടില്ല. എന്നാൽ, ടി തുക തിരിച്ചടയ്ക്കുവാൻ മുൻ പരീക്ഷാ കൺട്രോളറോട് യൂണിവേഴ്സിറ്റി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുള്ളതായും ആയത് ഇതുവരെയും അടവാക്കിയിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.**

28. **സമിതി യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് സ്വീകരിച്ച നടപടി സംബന്ധിച്ച് ഒന്നരവർഷം പിന്നിട്ടിട്ടും യാതൊരു മറുപടിയും നല്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ക്രമവിരുദ്ധമായി ഇൻക്രിമെന്റിനത്തിൽ പരീക്ഷാ കൺട്രോളർക്ക് നല്കിയ അധിക തുകയായ 1,75,255 രൂപ (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി ഇരുന്നൂറ്റി അൻപത്തി അഞ്ചുരൂപ)**

**രണ്ടു മാസത്തിനുള്ളിൽ തിരിച്ചുപിടിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, തെളിവെടുപ്പ് യോഗങ്ങളിൽ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ടസമയത്തിനുള്ളിൽ ലഭ്യമാക്കണമെന്നും അക്കാര്യം ബന്ധപ്പെട്ട ഭരണവകുപ്പ് ഉറപ്പുവരുത്തണമെന്നും സമിതി നിഷ്ക്കർഷിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കണക്കുകൾ-വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല**

അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ വിവിധയിനം ഫീസുകളെ സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റുമെന്റുകൾ എഴുതിസൂക്ഷിക്കുന്നില്ല. സർവ്വകലാശാലയിൽ കാഷ് ബുക്ക് എഴുതുന്ന സമ്പ്രദായംപോലും നിലവിലില്ല. വ്യത്യസ്ത ഇനങ്ങളിലുള്ള വരവിനങ്ങൾ വ്യക്തമാക്കുന്ന വരവ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ചെലവ് ഇനങ്ങൾ സംബന്ധിച്ച് ഒരു ചെക്ക് രജിസ്റ്റർ മാത്രമാണ് എഴുതിയിട്ടുള്ളത്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.2.1(1)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽനിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടിപത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

29. ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ശരിയായിരുന്നില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്നും യൂണിവേഴ്സിറ്റിയുടെ കണക്കുകൾ എല്ലാം ഇപ്പോൾ കൃത്യമാണെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

30. യൂണിവേഴ്സിറ്റിയുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലാണോ എന്ന് സമിതി ആരാഞ്ഞു. ടാലി അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ പാക്കേജ് അനുസരിച്ചാണ് ഇപ്പോൾ കണക്കുകൾ സൂക്ഷിക്കുന്നതെന്നും പൂർണ്ണമായും ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് വരാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്നും ഇപ്പോൾ കണക്കുകൾ കൃത്യമാണെന്നും 2009-10 വരെയുള്ള കണക്കുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ സമിതിയിൽ വിശദീകരിച്ചു.

31. കണക്കുകൾ പൂർണ്ണമായും ഡബിൾ എൻട്രി സിസ്റ്റത്തിലേക്കു കൊണ്ടുവരണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

32. **അഫിലിയേറ്റഡ് കോളേജുകളിൽനിന്നും സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിവിധയിനം ഫീസുകൾ പിരിക്കുന്നതിനും അവ സംബന്ധിച്ച കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനും ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റുമെന്റുകളും, രജിസ്റ്ററുകളും തയ്യാറാക്കുന്നതിനും പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടെന്ന സർവ്വകലാശാലയുടെ മറുപടിയിലെ വസ്തുതകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സെൽ, ടിയിനത്തിലുള്ള വരവുകളുടെ കണക്കുകൾ എഴുതിസൂക്ഷിക്കുന്നതായും ബോധ്യപ്പെടുന്നു. രേഖാമൂലവും തെളിവെടുപ്പ് വേളയിൽ നല്കിയ മറുപടികളുടെയും വെളിച്ചത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തരനടപടി അവസാനിപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

33. **സർവ്വകലാശാല നാളിതുവരെയായി സിംഗിൾ എൻട്രി സിസ്റ്റത്തിൽ നിന്നും പൂർണ്ണമായി ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറിയിട്ടില്ലെന്നും ആയതിനു വൈമുഖ്യം കാട്ടുന്നതായും സമിതി നിരീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെല്ലാം ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറുവാനുള്ള പ്രക്രിയ ആരംഭിച്ചിട്ടും, ഇതിനായി സമിതിയുടേയും സർക്കാരിന്റെയും ശുപാർശകളുണ്ടായിട്ടും സർവ്വകലാശാല നാളിതുവരെ ആ ദിശയിലേക്കുള്ള പ്രവർത്തനം ആരംഭിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ബാലൻസ് ഷീറ്റ് തയ്യാറാക്കുവാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ട് എന്ന ന്യായമുന്നയിച്ചാണ് സർവ്വകലാശാല ഇപ്പോഴും സിംഗിൾ എൻട്രി സിസ്റ്റം പിൻതുടരുന്നത്. സർവ്വകലാശാലയുടെ പ്രസ്തുത വാദം യുക്തിസഹമാണെന്ന് സമിതി കരുതുന്നില്ല. ആയതിനാൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കണക്കുകൾ സൂക്ഷിക്കുന്നതിന് ഡബിൾ എൻട്രി സിസ്റ്റം പ്രാവർത്തികമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആയതിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർവ്വകലാശാലാ നിയമങ്ങൾ പാലിക്കപ്പെടുന്നില്ല** :

അദ്ധ്യാപക അനദ്ധ്യാപകർക്ക് അധിക സാമ്പത്തിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഗവൺമെന്റിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് ചട്ടങ്ങൾ (സെക്ഷൻ 37(ഡി), എം.ജി. യൂണിവേഴ്സിറ്റി ആക്ട്) അനുശാസിക്കുന്നുണ്ടെങ്കിലും പോസ്റ്റ് അപ്ഗ്രേഡേഷൻ, സമയബന്ധിത ഗ്രേഡുകൾ, ഉയർന്ന സ്കെയിലുകൾ എന്നിവ അനുവദിക്കുന്നത് ഗവൺമെന്റ് അംഗീകാരത്തോടെയല്ല. ഉയർന്ന വീട്ടുവാടക ബത്തയും യാത്രാപ്പടി നിരക്കുകളും യാതൊരു മാനദണ്ഡവുമില്ലാതെ അനുവദിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.2.1(2)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടിപത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. അധിക ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട സർവകലാശാലാ ആക്ടിലെ സെക്ഷൻ 37(d) പാലിക്കാതിരിക്കുന്നതാണ് പ്രധാന പ്രശ്നമെന്നും സർവ്വകലാശാലകളുടെ അക്കാഡമിക് ഓട്ടോണമിയെ അഡ്മിനിസ്ട്രേറ്റീവ് ഓട്ടോണമിയായി തെറ്റിദ്ധരിച്ചാണ് കാര്യങ്ങൾ ചെയ്യുന്നതെന്നും സിൻഡിക്കേറ്റ് തീരുമാനമുണ്ടെങ്കിൽ കൂടി അനർഹമായി അധികത്തുക അനുവദിക്കുന്ന ഉദ്യോഗസ്ഥരെ വ്യക്തിപരമായി ഉത്തരവാദികളാക്കിയാൽ ഈ പ്രവണത അവസാനിക്കുമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

35. സർവ്വകലാശാലാ നിയമങ്ങൾ പൂർണ്ണമായും പാലിക്കാതെ സിൻഡിക്കേറ്റിന്റെ പേരു പറഞ്ഞ് അധിക സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ ബാദ്ധ്യത നിശ്ചയിക്കുന്നതിന് കർശനനിർദ്ദേശം നൽകി നടപ്പാക്കിയാൽ ഇപ്രകാരം സംഭവിക്കില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ഒബ്ജക്ഷനുമായി ബന്ധപ്പെട്ട് സർച്ചാർജ്ജ് നടപടികൾ സമയബന്ധിതമായും കർശനമായും നടപ്പിലാക്കിയാൽ ഇക്കാര്യങ്ങൾ ആവർത്തിക്കപ്പെടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

36. സർവ്വകലാശാലാ ആക്ടിലെ 37(d) കർശനമായി പാലിക്കണമെന്നും ഇതിലേക്ക് സർക്കാരിന്റെ കർശന ഇടപെടൽ ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

37. **അധ്യാപകർക്കും-അനദ്ധ്യാപകർക്കും അധിക സാമ്പത്തിക ആനുകൂല്യങ്ങൾ നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിരിക്കണമെന്ന വ്യവസ്ഥ നിലവിലിരിക്കെ, സർവ്വകലാശാലകൾ, പോസ്റ്റ് അപ്ഗ്രേഡേഷൻ, സമയബന്ധിത ഹയർ ഗ്രേഡുകൾ, ഉയർന്ന സ്കെയിലുകൾ, യാത്രാപ്പടി എന്നിവ യാതൊരു മാനദണ്ഡവുമില്ലാതെയും സർക്കാരിന്റെ അനുമതി നേടാതെയും യു.ജി.സി./എ.ഐ.സി.റ്റി.ഇ./കെ.എസ്.ആർ. വ്യവസ്ഥകൾക്ക് വിരുദ്ധമായും നല്കുന്നതായി സമിതി മനസ്സിലാക്കുന്നു. സർവ്വകലാശാലയുടെ അക്കാദമികമായ സ്വയംഭരണാവകാശത്തെ ഭരണപരമായ സ്വതന്ത്രാവകാശമായി തെറ്റിദ്ധരിച്ചുള്ള നടപടിയാണിതെന്ന ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. വീട്ടുവാടക ബത്തയും യാത്രാപ്പടി നിരക്കുകളും കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ നല്കുവാൻ പാടില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും നല്കിയ ശുപാർശയുടെ വെളിച്ചത്തിൽ ക്രമവിരുദ്ധമായി നല്കിയ തുക തിരിച്ചുപിടിക്കണമെന്ന സർക്കാർ നിർദ്ദേശം ഒരു സർവ്വകലാശാലാ സിൻഡിക്കേറ്റിൽ വച്ച് 'ഓവർറൂൾ' ചെയ്തതായും സർവ്വകലാശാലകൾ നിയമവിരുദ്ധമായും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയും അധിക സാമ്പത്തിക ആനുകൂല്യം നല്കുന്നത് തുടരുന്നതായും സമിതി നിരീക്ഷിക്കുന്നു. നിയമസഭ നിർമ്മിക്കുന്ന നിയമങ്ങളാൽ രൂപീകൃതമാകുന്ന സർവ്വകലാശാലകൾ പ്രസ്തുത നിയമത്തിലേയും അതിനെ അടിസ്ഥാനമാക്കി രൂപീകരിക്കുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിക്കാതിരിക്കുകയും ആയതിന്മേൽ നിയമസഭാസമിതി നല്കുന്ന ശുപാർശകളെ 'ഓവർറൂൾ' ചെയ്യുകയും ചെയ്യുന്ന സിൻഡിക്കേറ്റുകളുടെ നടപടി സമിതിയോടു മാത്രമല്ല സഭയോടുള്ള അനാദരവായിക്കൂടി മാത്രമേ കണക്കാക്കുവാൻ കഴിയൂ. സർവ്വകലാശാല സിൻഡിക്കേറ്റുകളുടെ ചട്ടവിരുദ്ധമായ ഇത്തരം തീരുമാനങ്ങളിന്മേൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.**

38. **ചട്ടവിരുദ്ധമായി ഒരു സർവ്വകലാശാല നല്കുന്ന ആനുകൂല്യങ്ങളുടെ ചുവടുപിടിച്ച് ഇതര സർവ്വകലാശാലകളും അവ നല്കുന്ന പ്രവണതയാണ് സമിതി നിരീക്ഷിക്കുന്നത്. അനഭിലഷണീയമായ ഈ പ്രവണത അടിയന്തിരമായി നിർത്തലാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. ചട്ടവിരുദ്ധമായി ആനുകൂല്യങ്ങൾ അനുവദിക്കുവാൻ സിൻഡിക്കേറ്റിന് അധികാരമില്ല. കേരള ഫിനാൻഷ്യൽ കോഡനുസരിച്ച് ക്രമവിരുദ്ധമായി ഏതെങ്കിലും തുക പാസ്സാക്കുന്നപക്ഷം അത്തരം പ്രവൃത്തിക്ക് പാസ്സാക്കുന്ന ഉദ്യോഗസ്ഥനായിരിക്കും ഉത്തരവാദിയെന്ന് സമിതി മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ, ക്രമവിരുദ്ധമായാണ് സിൻഡിക്കേറ്റ് തീരുമാനമെടുക്കുന്നതെങ്കിലും അവ അനുസരിക്കുവാൻ തങ്ങൾ ബാധ്യസ്ഥരാണെന്ന ഉദ്യോഗസ്ഥരുടെ നിലപാട് സമിതിക്ക് അംഗീകരിക്കാനാകില്ല. നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സിൻഡിക്കേറ്റ് തീരുമാനമെടുത്താൽ ആയത് അസാധുവാക്കാൻ വൈസ് ചാൻസലർക്ക് അധികാരമുള്ളതായും വൈസ് ചാൻസലർമാർ ചില സാഹചര്യത്തിൽ പ്രസ്തുത അധികാരം പ്രയോഗിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു.**

39. **ആയതിനാൽ, ചട്ടങ്ങൾക്ക് വിരുദ്ധമായി വിവിധയിനങ്ങളിൽ നല്കിയ അധിക സാമ്പത്തിക ആനുകൂല്യങ്ങൾ അടിയന്തിരമായി തിരിച്ചുപിടിക്കുവാനും ഭാവിയിൽ ഇങ്ങനെ ആനുകൂല്യങ്ങൾ നല്കാതിരിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോടും സർവ്വകലാശാലയോടും സമിതി ആവശ്യപ്പെടുന്നു. ക്രമവിരുദ്ധമായി തുക അനുവദിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കണമെന്നും സർവ്വകലാശാലകൾ സാമ്പത്തിക അച്ചടക്കം പാലിക്കണ മെന്നും സമിതി ശക്തമായി ആവശ്യപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്വാശ്രയ സ്ഥാപനങ്ങൾ ശരിയായ രീതിയിൽ നടത്തുന്നില്ല**

ഇരുപത്തിനാല് സ്വാശ്രയസ്ഥാപനങ്ങൾ യൂണിവേഴ്സിറ്റി നടത്തുന്നുണ്ടെങ്കിലും ഇവയ്ക്കെല്ലാമായി വ്യക്തമായ നിയമസംവിധാനം രൂപപ്പെടുത്തിയിട്ടില്ല. സർവ്വകലാശാല സിൻഡിക്കേറ്റ് അപ്പപ്പോൾ എടുക്കുന്ന തീരുമാനങ്ങളാണ് ഇവയുടെ പ്രവർത്തനത്തിന് ആധാരം. ഭൂരിഭാഗം അദ്ധ്യാപകരും ദിവസവേതനാടിസ്ഥാന ത്തിലാണ് ജോലിചെയ്യുന്നത്. വിദ്യാർത്ഥികളിൽനിന്നും ലഭിക്കുന്ന എല്ലാ ഡ്രാഫ്റ്റുകളും ചെക്കുകളും ബാങ്കുകളിൽ നിക്ഷേപിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ തക്ക സംവിധാനമില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.2.1(3)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽനിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

40. സ്വാശ്രയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കി യിട്ടുണ്ടെന്നും അക്കൗണ്ട്സ് ഓഫ് റെമിറ്റൻസ്, വിവിധ രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നുണ്ടെന്ന് യൂണിവേഴ്സിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പിൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

41. സ്പെഷ്യൽ റൂൾസ് സിൻഡിക്കേറ്റ് അംഗീകരിച്ചു നടപ്പാക്കിയിട്ടുണ്ടെന്നും ഇപ്പോൾ അതനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നും രജിസ്ട്രാറും സമിതിയിൽ വിശദീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാമെന്ന് സമിതി ശുപാർശ ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

42. **സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസ് സിൻഡിക്കേറ്റ് അംഗീകരിച്ചു നടപ്പാക്കിയിട്ടുണ്ടെന്നും അതനുസരിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും ഉള്ള യൂണിവേഴ്സിറ്റി രജിസ്ട്രാറിന്റെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന്മേൽ അനന്തരനടപടികൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അപേക്ഷാ ഫോറങ്ങൾ പ്രോസസ്സ് ചെയ്തതിന് അധിക വേതനം-ക്രമ വിരുദ്ധം**

**ഓഡിറ്റ് റിപ്പോർട്ട്-2000-01 ഖണ്ഡിക-111-3**

രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരുടെ എഴുത്തുപരീക്ഷയ്ക്ക് ലഭിച്ച അപേക്ഷാ ഫോമുകൾ സോർട്ട് ചെയ്യുകയും മറ്റും ചെയ്തതിന് 62 ജീവനക്കാർക്കായി 3,46,461 രൂപ ചെലവഴിച്ചതായി കാണുന്നു. ഔദ്യോഗികമായ ദൈനംദിന ജോലി ചെയ്യേണ്ട ഒരു വിഭാഗത്തെ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക സെൽ ആയി രൂപീകരിക്കുകയും അധികവേതനം കൊടുക്കുകയും ചെയ്തതായി കാണുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.2.2]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽനിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

43. രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് എഴുത്തുപരീക്ഷയുടെ അപേക്ഷാ ഫാറങ്ങൾ തരംതിരിക്കുന്ന ജോലികൾക്കായി 62 ജീവനക്കാർക്കായി 3,46,461 രൂപ ചെലവഴിച്ചതിന് സർക്കാർ അംഗീകാരം നേടാത്തതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു.

44. റിക്രൂട്ട്മെന്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു അപേക്ഷ ഫോം പ്രോസസ്സ് ചെയ്ത് പരീക്ഷ നടത്തി റിസൽട്ട് നൽകുന്നതിന് എൽ.ബി.എസ്. 300 രൂപ ആവശ്യപ്പെട്ടുവെന്നും അത്രയുംതുക നൽകാൻ സർവ്വകലാശാലയ്ക്കു സാധിക്കാത്തതിനാലാണ് അപേക്ഷാഫാറം പ്രോസസ്സ് ചെയ്യുന്ന ജോലി ജീവനക്കാരെ ഏൽപ്പിച്ചതെന്നും യൂണിവേഴ്സിറ്റി രജിസ്ട്രാർ സമിതിയെ അറിയിച്ചു.

45. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നുള്ള താൽക്കാലിക ജീവനക്കാരും അപേക്ഷകരായിട്ടുള്ളതിനാൽ അവരെ ഈ ജോലി ഏൽപ്പിക്കാൻ കഴിയുമായിരുന്നില്ലെന്നും യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥർ ഓഫീസ്സമയം കഴിഞ്ഞ് രാത്രിയിലാണ് ജോലി ചെയ്തതെന്നും 140 രൂപയ്ക്ക് പരീക്ഷ നടത്താമെന്ന് എൽ.ബി.എസ്. പിന്നീട് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ അവരെ പരീക്ഷാജോലി മാത്രം ഏൽപ്പിക്കുകയും ബാക്കി ജോലികൾ സർവ്വകലാശാലാ ജീവനക്കാർ ചെയ്യുകയുമാണുണ്ടായതെന്നും രജിസ്ട്രാർ തുടർന്നറിയിച്ചു.

46. അപേക്ഷാ ഫോറത്തിന്റെ വില കൂട്ടിയിരുന്നുവെങ്കിൽ പരീക്ഷാ നടത്തിപ്പിന്റെ ചെലവ് പൂർണ്ണമായും ഉൾക്കൊള്ളുവാൻ സാധിക്കുമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടതിന് വർഷങ്ങൾക്കുമുമ്പ് വിജ്ഞാപനം നടത്തിയതായതിനാൽ ഫീസ് കൂട്ടാൻപറ്റാത്ത സാഹചര്യമായിരുന്നുവെന്ന് രജിസ്ട്രാർ തുടർന്നറിയിച്ചു.

47. അധികവേതനം നൽകിയതിന് സർക്കാർ സാധൂകരണം അടിയന്തിരമായി ലഭ്യമാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പ്രസ്തുത നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു :

48. "രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കുന്നതിന് നടത്തിയ പരീക്ഷാ സംബന്ധമായി യൂണിവേഴ്സിറ്റി ജീവനക്കാർക്ക് അധികവേതനം നൽകിയതിന് സാധൂകരണം ലഭിക്കുന്നതിനായി യൂണിവേഴ്സിറ്റി രജിസ്ട്രാർ 10-1-2011-ലെ എ.ഡി.എ4/3/എ.ജി.11/11 നമ്പർ കത്തുപ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. നാളിതുവരെ സാധൂകരണം ലഭ്യമായിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

49. **രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് നിയമനത്തിനായുള്ള എഴുത്തു പരീക്ഷയുടെ അപേക്ഷാഫാറം തരംതിരിക്കലുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് സർക്കാരിന്റെ അനുമതി നേടാതെയാണ് 3,46,461 രൂപ നല്കിയതെന്ന് സമിതി മനസ്സിലാക്കുന്നു. തെളിവെടുപ്പു യോഗത്തിൽ നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ടി ചെലവിന് സർക്കാരിൽനിന്നും സാധൂകരണംവാങ്ങി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. സർക്കാർ സാധൂകരണം ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കാതെയിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഭവന വായ്പ ക്രമവിരുദ്ധമായി മുദ്രപ്പത്ര വില തിരികെ നൽകിയത്**

[ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 35(2) (28-6-2006 എൽ.എഫ്.എം.ജി.യു. ഓഡിറ്റ് 75/05 നമ്പർ കത്ത്]

സർവ്വകലാശാല ഫണ്ടിൽനിന്നും ഭവനനിർമ്മാണ വായ്പയെടുത്ത ജീവനക്കാർക്ക് പണയാധാരത്തിന്റെ മുദ്രപ്പത്രവില തിരിച്ച് നൽകി. ഇതിന് നിയമമില്ല.

1992-93 മുതൽ 2000-01 വരെ 1,14,460 രൂപയാണ് മുദ്രവിലയായി തിരികെ നൽകിയത്.

വായ്പയിൽ വാങ്ങുന്ന വീടും സ്ഥലവും സർവ്വകലാശാലയുടെ പേരിൽ പണയാധാരം രജിസ്റ്റർ ചെയ്ത് നൽകേണ്ടത് വായ്പ എടുത്തവരുടെ ബാധ്യതയാണ്. ഇത് തിരികെനൽകാൻ സർവ്വകലാശാല നിയമത്തിൽ വ്യവസ്ഥയില്ല. സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മുദ്രവില ഇളവ് രജിസ്ട്രേഷൻ വകുപ്പും വിലക്കുന്നുണ്ട്. (ആർ.ആർ. 4/4408/04, 25-3-2004) കേരള ഫിനാൻഷ്യൽ കോഡ് ഈ വിഷയത്തിൽ സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഇളവ് സർവ്വകലാശാല ജീവനക്കാർക്ക് ബാധകമല്ല.

ക്രമവിരുദ്ധ ചെലവായി കണ്ട് തുടർ നടപടി സ്വീകരിക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 4.2.3]

ഓഡിറ്റ് ഖണ്ഡിക

**ഭവനനിർമ്മാണ വായ്പകൾ മുദ്രപ്പത്രവിലകൾ തിരികെ നൽകുന്നത് ക്രമവിരുദ്ധം**

ഓഡിറ്റ് റിപ്പോർട്ട്-2000-01 ഖണ്ഡിക-111-2

യൂണിവേഴ്സിറ്റി ഫണ്ടിൽനിന്നും ഭവനനിർമ്മാണ വായ്പ വാങ്ങുന്ന ജീവനക്കാർ പ്രസ്തുത സ്ഥലവും കെട്ടിടവും യൂണിവേഴ്സിറ്റിക്ക് പണയപ്പെടുത്തുന്നതിലേക്കായി അവർ മുടക്കുന്ന മുദ്രപ്പത്രവില യൂണിവേഴ്സിറ്റി ഫണ്ടിൽ തിരിച്ചു നൽകുന്നു. ഇപ്രകാരം മുദ്രപ്പത്രവില തിരികെനൽകുന്നതിന് യൂണിവേഴ്സിറ്റി ആക്ട്/സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥയില്ല. സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഭവന നിർമ്മാണ വായ്പ തുടങ്ങിയ ആവശ്യങ്ങൾക്കായി പണയാധാരം നടത്തുന്ന സന്ദർഭങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന് അർഹരല്ലെന്ന് 25-3-2004-ലെ ആർ.ആർ.4/4408/04 നമ്പർ കത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 244 എഫ്(2) പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യം യൂണിവേഴ്സിറ്റി ജീവനക്കാർക്ക് ബാധകമാക്കിയിട്ടില്ല. ആയതിനാൽ 2000-2001 വർഷം മുദ്രപ്പത്രവിലയിനത്തിൽ ജീവനക്കാർക്ക് 4,06,413 രൂപ തിരികെ നൽകിയത് അംഗീകരിക്കാനാവില്ല. കേരള ഫിനാൻഷ്യൽ കോഡ് വ്യവസ്ഥകൾ യൂണിവേഴ്സിറ്റിക്കുകൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനു പകരം മുൻപറഞ്ഞ രീതിയിൽ തുക തിരികെ കൊടുക്കുന്ന നടപടി ക്രമവിരുദ്ധമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.2.4]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽനിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

50. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 244 അനുസരിച്ച് സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യമാണ് യൂണിവേഴ്സിറ്റി ജീവനക്കാർക്കും സ്റ്റാമ്പ് ഡ്യൂട്ടി ഇളവായി നൽകിയിരിക്കുന്നതെന്നും ഇതിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ലെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

51. ആർട്ടിക്കിൾ 244 ഭേദഗതി ചെയ്യുകയാണെങ്കിൽ മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഇതു ബാധകമാക്കേണ്ടിവരുമെന്നും അതിന്റെ സാമ്പത്തിക വശങ്ങൾ നോക്കിയതിനുശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തുടർന്നു വിശദീകരിച്ചു.

52. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്ന് അടിയന്തിരമായി സാധൂകരണം വാങ്ങി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

പ്രസ്തുത നിർദ്ദേശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു :

53. "ഭവനനിർമ്മാണ വായ്പ തിരികെ നൽകിയ നടപടികൾക്ക് സാധൂകരണം ലഭ്യമാക്കുന്നതിനായി യൂണിവേഴ്സിറ്റി രജിസ്ട്രാർ 11-1-2011-ലെ എ.ഡി.ബി.1/459/ ഓഡിറ്റ് എൻക്വയറി/10 നമ്പർ കത്തുപ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. നാളിതുവരെ സാധൂകരണം ലഭ്യമായിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

54. **കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം സർക്കാരിൽനിന്നും ഭവന നിർമ്മാണ വായ്പയെടുക്കുന്ന സർക്കാർ ജീവനക്കാർക്ക് സ്ഥലവും കെട്ടിടവും സർക്കാരിലേക്ക് പണയാധാരം നടത്തുന്ന സന്ദർഭത്തിലുള്ള ചെലവിൽ സ്റ്റാമ്പ് ഡ്യൂട്ടിയിളവ് നല്കുവാൻ വ്യവസ്ഥയുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ വ്യവസ്ഥ യൂണിവേഴ്സിറ്റിയുൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടില്ല. ഈ വ്യവസ്ഥ പരിഗണിക്കാതെയാണ് സർവ്വകലാശാല ജീവനക്കാർക്ക് പണയാധാരം നടത്തുന്ന സന്ദർഭത്തിൽ ഉണ്ടായ ചെലവ് യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും തിരികെ നല്കുന്നത്. സർവ്വകലാശാല യുടെ ഈ നടപടി ക്രമവിരുദ്ധമാണ്. സർക്കാർ ജീവനക്കാർക്ക് നല്കുന്ന ആനുകൂല്യങ്ങൾക്ക് സർവ്വകലാശാല ജീവനക്കാർക്കും അർഹതയുണ്ടെന്ന നിലപാടിൽ പണയാധാരത്തിനായി മുദ്രപ്പത്രത്തിനു ചെലവാകുന്ന തുക തിരികെനല്കുന്ന സർവ്വകലാശാലാ, സർക്കാർ നിശ്ചയിച്ചിരിക്കുന്നതിനേക്കാൾ ഉയർന്നനിരക്കിൽ വീട്ടുവാടക ബത്തയും സർക്കാർ അനുമതി കൂടാതെ നല്കി വരുന്നതായാണ് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി തെളിവെടുപ്പുവേളയിൽ വെളിപ്പെടുത്തിയത്.**

55. **സർക്കാർ, കാലാകാലങ്ങളിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ സർവ്വകലാശാലാ ജീവനക്കാർക്കായി അനുവദിക്കുന്നതിൽ സമിതിക്ക് വിയോജിപ്പില്ല. എന്നാൽ, കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ സർവ്വകലാശാല യ്ക്കുകൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുപകരം ഏകപക്ഷീയമായി തീരുമാനമെടുത്ത് ആനുകൂല്യങ്ങൾ നല്കുന്നത് അഭിലഷണീയമല്ല. ഭവന വായ്പയ്ക്കു പണയാധാരം നടത്തുന്ന സന്ദർഭത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് നല്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സർവ്വകലാശാലാ ജീവനക്കാർക്കും നല്കണമെന്ന ആവശ്യം ന്യായമാണെന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാലാ ജീവനക്കാർക്ക് ഈ ആനുകൂല്യം നല്കുന്നപക്ഷം സമാനപദവികളിലുള്ള മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിലും ഇത് നല്കേണ്ടതായി വരുമെന്നും ആയത് ഭാരിച്ച സാമ്പത്തിക ബാധ്യതയ്ക്ക് ഇടയാക്കുമെന്നതിനാൽ പ്രസ്തുത വശവും പരിഗണി ച്ചതിനുശേഷമേ അക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ സാധ്യമാകൂവെന്നാണ് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തിയത്. ഈ സാഹചര്യത്തിൽ, സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ സർവ്വകലാശാലാ ജീവനക്കാർക്കും വീട്ടുവാടക ബത്ത നല്കുന്ന രീതി നടപ്പിലാക്കുന്നതോടൊപ്പം സർവ്വകലാശാലാ ഫണ്ടിൽനിന്നും ഭവന വായ്പ എടുക്കുന്ന സർവ്വകലാശാലാ**

**ജീവനക്കാർക്ക് പണയാധാരം നടത്തുന്ന സന്ദർഭത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഓഡിറ്റ് തടസ്സമായി ഉന്നയിച്ച തുകയ്ക്ക് സാധൂകരണം നേടണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് സർക്കാരിൽനിന്നും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഓഡിറ്റ് ഖണ്ഡികകളിന്മേൽ തടസ്സം ഉന്നയിക്കപ്പെട്ട തുകയ്ക്ക് സർക്കാർ സാധൂകരണംനേടി ഒരു മാസത്തിനകം റിപ്പോർട്ട് നല്കണമെന്നും ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്ത് പ്രവൃത്തികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ എൽപ്പിക്കുന്നതുമൂലം അധിക ചെലവും കാലതാമസവും**

ഓഡിറ്റ് റിപ്പോർട്ട്-2001-02 ഖണ്ഡിക-3-(12)

യൂണിവേഴ്സിറ്റിക്ക് സ്വന്തമായി എൻജിനീയറിംഗ് വിഭാഗം ഉണ്ടെങ്കിലും യൂണിവേഴ്സിറ്റി ഏറ്റെടുക്കുന്ന പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയാണ്. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് നടത്തുന്ന ഓരോ പ്രവൃത്തിയുടെയും യഥാർത്ഥ മൂല്യത്തിന് പുറമെ എസ്റ്റിമേറ്റ് തുകയുടെ 8% കൂടി ഡിപ്പാർട്ട്മെന്റ് ചാർജ് എന്ന പേരിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് നൽകണം. പ്രസ്തുത തുക കൂടി ചേർത്തുള്ള എസ്റ്റിമേറ്റാണ് സി.പി.ഡബ്ല്യു.ഡി. സമർപ്പിക്കുന്നത്. സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസ് കെട്ടിട നിർമ്മാണത്തിനായി കേന്ദ്ര പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 521.97 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 38,66,463 രൂപ ഡിപ്പാർട്ട്മെന്റ് ചാർജ് എന്ന പേരിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യൂണിവേഴ്സിറ്റി എൻജിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നതിനുവേണ്ടിവരുന്ന ചെലവുകൾക്ക് പുറമെ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് ഡിപ്പാർട്ടുമെന്റ് ചാർജുകൾകൂടി നൽകി പ്രവൃത്തികൾ നടത്തുന്നത് യൂണിവേഴ്സിറ്റിയുടെ സാമ്പത്തിക താത്പര്യങ്ങൾക്ക് എതിരാണ്.

ഓരോ നിർമ്മാണപ്രവൃത്തിക്കും വേണ്ടി യൂണിവേഴ്സിറ്റിയിൽ, കേന്ദ്ര പൊതുമരാമത്ത് വകുപ്പുമായി ചമയ്ക്കുന്ന കരാറിലെ (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) പല വ്യവസ്ഥകളും യൂണിവേഴ്സിറ്റിയുടെ താത്പര്യങ്ങൾക്ക് എതിരാണ്.

സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസ് കെട്ടിട നിർമ്മാണത്തിനു വേണ്ടി യൂണിവേഴ്സിറ്റി കേന്ദ്ര പൊതുമരാമത്ത് വകുപ്പുമായി ഉണ്ടാക്കിയ കരാർ ഇതിന് ഉദാഹരണമാണ്. കെട്ടിടത്തിന്റെ പ്ലാൻ, സ്ട്രക്ചറൽ ഡിസൈൻ, വിശദമായ എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിനു മുൻപുതന്നെ കരാറിൽ ഏർപ്പെട്ടതിനാൽ അവ കരാറിന്റെ ഭാഗമാകുന്നില്ല. കരാർ ഒപ്പുവച്ചാൽ ഉടൻതന്നെ വൻ തുകയാണ് മുൻകൂർ നൽകുന്നത്. പ്രവൃത്തി ആരംഭിക്കുന്നതിന് എത്ര കാലതാമസം ഉണ്ടായാലും പ്രസ്തുത തുകയ്ക്ക് യൂണിവേഴ്സിറ്റിക്ക് പലിശ പോലും ലഭിക്കുന്നില്ല. സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസ് കെട്ടിട നിർമ്മാണത്തിനുവേണ്ടി കരാർ ഒപ്പിട്ടതും 30-3-2004-ൽ ആയിരുന്നു. 31-3-2004-ൽ 100 ലക്ഷം രൂപ മുൻകൂർ നൽകി. എന്നാൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സൈറ്റ് അംഗീകരിക്കപ്പെടുന്നത് 18-5-2005-ലാണ്. സൈറ്റ് അംഗീകരിക്കപ്പെടുന്നതിനു മുമ്പുതന്നെ മുൻകൂർ നൽകിയതിനാൽ 31-3-2004 മുതൽ 18-5-2005 വരെയുള്ള കാലത്തേക്ക് 100 ലക്ഷം രൂപയ്ക്ക് ലഭിക്കുമായിരുന്ന പലിശ യൂണിവേഴ്സിറ്റിക്ക് നഷ്ടമായി.

പ്രിലിമിനറി എസ്റ്റിമേറ്റ് എന്നപേരിൽ അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് മാത്രമാണ് കേന്ദ്ര പൊതുമരാമത്ത് വകുപ്പിൽനിന്നും യൂണിവേഴ്സിറ്റിക്ക് ലഭിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ്, ഡേറ്റാ ഷീറ്റ്, കൺവേയൻസ് സ്റ്റേറ്റ്മെന്റ്, കൂലിനിരക്കുകൾ, നിർമ്മാണ വസ്തുക്കളുടെ വില തുടങ്ങിയ ഒരുരേഖയും യൂണിവേഴ്സിറ്റിക്ക് ലഭിക്കുന്നില്ല. പ്രിലിമിനറി എസ്റ്റിമേറ്റിലെ തുക എന്തുതന്നെ ആയിരുന്നാലും പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് നൽകുന്നതിന് യൂണിവേഴ്സിറ്റി ബാദ്ധ്യസ്ഥമാണ് (എങ്കിലും ടെണ്ടർ അംഗീകരിക്കുന്നതിന് കരാറുകാരെ തിരഞ്ഞെടുക്കുന്നതിലും, കരാർ ഏർപ്പെടുന്നതിലും, യൂണിവേഴ്സിറ്റിക്ക് കാര്യമായ പങ്ക് ഒന്നും ഇല്ല). കരാറുകാരന്റെ ബില്ലുകൾ യൂണിവേഴ്സിറ്റിക്ക് സമർപ്പിക്കേണ്ടതില്ല എന്നാണ് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിൽ പറയുന്നത്. വിശദമായ എസ്റ്റിമേറ്റ്, അളവുപുസ്തകം, ടെണ്ടർ രേഖകൾ, വർക്ക് ബില്ലുകൾ തുടങ്ങിയ രേഖകൾ യൂണിവേഴ്സിറ്റിക്ക് ലഭിക്കാത്ത സാഹചര്യത്തിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്ന പ്രവൃത്തികളുടെ ചെലവ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനുപോലും വിധേയമാകുന്നില്ല.

സംസ്ഥാന പൊതുമരാമത്ത് വകുപ്പിൽ ആർബിട്രേഷൻ വ്യവസ്ഥ ഇപ്പോൾ നിലവിലില്ല. എന്നാൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പും അവർ തിരഞ്ഞെടുക്കുന്ന കരാറുകാരും തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടായാൽ ആർബിട്രേഷൻ തീരുമാനം യൂണിവേഴ്സിറ്റിക്ക് ബാധകമാണ്. അതുമൂലം എന്തെങ്കിലും അധികബാധ്യത ഉണ്ടായാൽ അതും യൂണിവേഴ്സിറ്റി വഹിക്കണം. കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്ന ഏതെങ്കിലും വീഴ്ചമൂലം പ്രവൃത്തി യഥാസമയം പൂർത്തിയാക്കാതെ വന്നാൽ അവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കുന്നതിന് യൂണിവേഴ്സിറ്റിക്ക് സാധിക്കുന്നില്ല. സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസ് കെട്ടിടനിർമ്മാണം 2005-ൽ ആരംഭിച്ചെങ്കിലും 03/2007-ലും പണികൾ പൂർത്തിയായിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.2.5]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽനിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. സി.പി.ഡബ്ലിയു.ഡി മുഖാന്തിരമാണ് പ്രവൃത്തികൾ ചെയ്തതെന്നും അഡ്വാൻസ് നൽകി എന്ന ഒരു ക്രമക്കേട് നടന്നിട്ടുണ്ടെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

57. യൂണിവേഴ്സിറ്റിയിൽ വലിയ ഒരു എഞ്ചിനീയറിംഗ് വിഭാഗമുള്ളപ്പോൾ എന്തിനാണ് സി.പി.ഡബ്ലിയു.ഡി.-യെ ജോലി ഏൽപ്പിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് വലിയ മരാമത്തുപണികൾ മാത്രമാണ് സി.പി.ഡബ്ലിയു.ഡി-യെ എൽപ്പിക്കുന്നതെന്ന് രജിസ്ട്രാർ മറുപടി നൽകി. യൂണിവേഴ്സിറ്റിയിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആറ് അസിസ്റ്റന്റ് എഞ്ചിനീയർ മറ്റു ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ട എഞ്ചിനീയറിംഗ്

വിഭാഗമാണുള്ളതെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു. ഇത്രയധികം ഉദ്യോഗസ്ഥർ ഉണ്ടായിട്ടും എല്ലാ പ്രവൃത്തികളും പല യൂണിവേഴ്സിറ്റികളിലും ഔട്ട്സോഴ്സ് ചെയ്യുകയാണെന്നും ബില്ലുകൾ നോക്കുന്നതിനു വേണ്ടിമാത്രം രണ്ടരക്കോടി രൂപ ചെലവഴിച്ച് 65 പേരെയാണ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിയമിച്ചിരിക്കുന്നതെന്നും ഇതു നിറുത്തലാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഈയവസരത്തിൽ അഭിപ്രായപ്പെട്ടു.

58. യൂണിവേഴ്സിറ്റിയിൽ നിലവിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തെ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, മൂന്ന് ഓവർസിയർമാർ എന്നിവരടങ്ങുന്ന ഒരു മെയിന്റനൻസ് വിഭാഗമാക്കി (നിലവിൽ ജോലിചെയ്യുന്ന മറ്റു വിഭാഗം ജീവനക്കാരുടെ വിരമിക്കൽ അനുസരിച്ച്) മാറ്റാൻ വേണ്ട നടപടികൾ സർവ്വകലാശാല അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. തുടർന്ന് ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

59. **സർവ്വകലാശാലയുടെ കെട്ടിടനിർമ്മാണ ചുമതല കേന്ദ്ര പൊതുമരാമത്തു വകുപ്പിനെ എല്പിച്ചത്, വലിയ കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള വൈദഗ്ദ്ധ്യത്തെ മുൻനിർത്തിയാണെന്നും നിലവിലുള്ള സർക്കാർ വ്യവസ്ഥകളും നിരക്കുകളും പാലിച്ചുകൊണ്ടാണ് പ്രസ്തുത കരാർ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനു നല്കിയതെന്നുമാണ് സർവ്വകലാശാലയുടെ മറുപടി. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം രണ്ടുവർഷം മുമ്പ് പൂർത്തിയായ തായും രജിസ്ട്രാർ അറിയിക്കുകയുണ്ടായി. ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂന്ന് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ആറ് അസി. എഞ്ചിനീയർമാർ, ഓവർസിയർമാർ ഉൾപ്പെടെ 37 പേർ അടങ്ങുന്ന ശക്തമായ ഒരു എഞ്ചിനീയറിംഗ് വിംഗ് ഉള്ളപ്പോഴാണ് സർവ്വകലാശാലയുടെ കെട്ടിടനിർമ്മാണം, പ്രവൃത്തിയുടെ വ്യാപ്തി ചൂണ്ടിക്കാട്ടി മറ്റൊരു ഏജൻസിയെ ഏല്പിച്ചത്. സർവ്വകലാശാലാ എഞ്ചിനീയറിംഗ് വിംഗിന്റെ പ്രവർത്തനം സംബന്ധിച്ച ചർച്ചാവേളയിൽ മുൻ നിയമസഭാസമിതി നിർദ്ദേശിച്ചതനുസരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക നിർത്തലാക്കിയിട്ടുണ്ടെന്ന് രജിസ്ട്രാർ സമിതിയെ അറിയിച്ചു. പരാമർശ വിധേയമായ കെട്ടിട നിർമ്മാണം മാത്രമല്ല എല്ലാ പ്രവൃത്തികളും ഔട്ട് സോഴ്സ് ചെയ്യുന്നതായാണ് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അഭിപ്രായപ്പെട്ടത്. അതേസമയം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിംഗിനുവേണ്ടി പ്രതിവർഷം രണ്ടരക്കോടി രൂപ ചെലവഴിക്കപ്പെടുന്നതായും അദ്ദേഹം സമിതിയെ അറിയിച്ചു.**

60. **എഞ്ചിനീയറിംഗ് വിംഗിനുവേണ്ടി സർവ്വകലാശാല ചെലവഴിക്കുന്ന തുകയ്ക്ക് അനുസരിച്ചുള്ള പ്രയോജനം ലഭിക്കുന്നില്ല എന്നുമാത്രമല്ല ആയത് വലിയൊരു ബാധ്യതയായി മാറുന്നതായും സമിതി കരുതുന്നു. പ്രവൃത്തികൾ ഔട്ട്സോഴ്സ് ചെയ്യുന്ന സർവ്വകലാശാലയ്ക്ക് ഇത്രയും വിപുലമായൊരു എഞ്ചിനീയറിംഗ് വിംഗിന്റെ ആവശ്യമുള്ളതായി സമിതി കരുതുന്നില്ല. ആയതിനാൽ സർവ്വകലാശാലയുടെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കു ന്നതിന് അവശ്യം വേണ്ടുന്ന തസ്തികകൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് അതിനനുസൃതമായി നിലവിലുള്ള എഞ്ചിനീയറിംഗ് വിംഗിനെ പുനഃസംഘടിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻ രജിസ്ട്രാർ ഡോ. ജോസ് ജെയിംസിനെ റിട്ടയർമെന്റിന് ശേഷവും സർവ്വീസിൽ തുടരുവാൻ അനുവദിച്ചത്-ക്രമരഹിതം**

ഓഡിറ്റ് റിപ്പോർട്ട്-2001-02 ഖണ്ഡിക-111/19

എം.ജി. യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് ഡയറക്ടർ ആയിരുന്ന ഡോ. ജോസ് ജെയിംസിനെ 5-5-1998 പ്രാബല്യത്തിൽ രജിസ്ട്രാർ ആയി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് നിയമിക്കുകയുണ്ടായി. 1985-ലെ എം.ജി. യൂണിവേഴ്സിറ്റി ആക്ട് സെക്ഷൻ 12-1997-ലെ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 2.17 മുതൽ 23 വരെ സ്റ്റാറ്റ്യൂട്ടുകൾ എന്നിവ പ്രകാരമാണ് അദ്ദേഹത്തെ രജിസ്ട്രാർ തസ്തികയിൽ നിയമിച്ചത്. ഈ നിയമനം ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലോ കോൺട്രാക്ട് അടിസ്ഥാനത്തിലോ ആയിരുന്നില്ല. സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള ഈ പദവി വഹിക്കുന്നതിന് അദ്ദേഹത്തിന് ലീവ് അനുവദിച്ചതായും കാണുന്നില്ല. ജനറൽ റിക്രൂട്ടുമെന്റ് മുഖേന പുതിയ നിയമനം ആയിട്ടാണ് അദ്ദേഹത്തെ രജിസ്ട്രാർ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. തസ്തികയിൽ ഒരുവർഷം പൂർത്തിയായ മുറയ്ക്ക് 5-5-1999-ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയുണ്ടായി. 1997-ലെ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 2-ൽ 23-ാം സ്റ്റാറ്റ്യൂട്ട് പ്രകാരം രജിസ്ട്രാറുടെ റിട്ടയർമെന്റ് പ്രായം 55 വയസ്സാണ്. അതനുസരിച്ച് ജനനത്തീയതി 1-3-1949 ആയ ഡോ. ജോസ് ജെയിംസ് 55 വയസ്സ് പൂർത്തിയായ 29-2-2004-ൽ യൂണിവേഴ്സിറ്റി സർവ്വീസിൽനിന്നും റിട്ടയർ ചെയ്യേണ്ടതാണ്.

ബന്ധപ്പെട്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി 18-10-2003 മുതൽ 2 വർഷത്തേക്ക് അദ്ദേഹത്തിന് ലീവ് അനുവദിക്കുകയും നിയമപ്രകാരം റിട്ടയർ ചെയ്യേണ്ട ദിവസത്തിന്റെ തൊട്ടടുത്തദിവസം അതായത് 1-3-2004-ൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ തസ്തികയിൽ ജോലിയിൽ തിരികെ പ്രവേശിച്ചതായും കാണുന്നു. ഇപ്രകാരം 2 വർഷത്തെ ലീവ് അനുവദിച്ചുകൊണ്ടും രജിസ്ട്രാർ പദവി പൂർത്തിയാകുമ്പോൾ ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറായി തിരികെ പ്രവേശിക്കുവാൻ അനുവാദം നൽകിക്കൊണ്ടും സിൻഡിക്കേറ്റ് തീരുമാനം എടുത്തിരുന്നു. (നമ്പർ ഒ.എ. 26/5.24 തീയതി 28-8-2003). എന്നാൽ 21-10-2003-ൽ കൂടിയ സിൻഡിക്കേറ്റ് ഈ തീരുമാനം ഭാഗികമായി റദ്ദാക്കുകയും, ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറായി രജിസ്ട്രാർ കാലാവധി പൂർത്തിയാകുമ്പോൾ തിരികെ ചേരാമെന്നുള്ള ഭാഗം ഒഴിവാക്കി തീരുമാനം എടുക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 1-3-2004 മുതൽ അനുവദിക്കപ്പെട്ടിരുന്ന ലീവ് റദ്ദ് ചെയ്തുകൊണ്ടാണ് അദ്ദേഹത്തിന് ഡയറക്ടർ തസ്തികയിൽ ചാർജ് എടുക്കുന്നതിന് അനുവാദം നൽകിയത്. ഇതിന് സിൻഡിക്കേറ്റിന്റെ അനുവാദം ലഭ്യമായിരുന്നുവോ എന്ന് വ്യക്തമല്ല. നിയമപ്രകാരം 29-2-2004-ൽ റിട്ടയർ ചെയ്യേണ്ടിയിരുന്ന ടിയാന് റിട്ടയർമെന്റ് തിയതിക്ക് ശേഷവും ലീവ് അനുവദിച്ചതായി കാണുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഖണ്ഡിക നമ്പർ 5.2.6]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. ഓഡിറ്റ് പരാമർശത്തെപ്പറ്റി സമിതി വിശദീകരണം ആരാഞ്ഞു. രജിസ്ട്രാർ തസ്തികയിൽ പെൻഷൻ പ്രായം 55-ഉം അദ്ധ്യാപക തസ്തികയിൽ 60-ഉം ആണെന്ന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി. രജിസ്ട്രാർ ആയിരിക്കെ ഡോ. ജോസ് ജെയിംസ് രണ്ടു വർഷത്തെ ശൂന്യവേതനാവധിക്കപേക്ഷിച്ചത് അന്നത്തെ വൈസ് ചാൻസലറായ ഡോ. സിറിയക് തോമസ് അനുവദിച്ചുവെന്നും എന്നാൽ ഇതു സംബന്ധിച്ച് കേസ് വന്നതിനാൽ മേൽ കാലയളവിനുള്ളിൽത്തന്നെ തിരികെ ജോലിയിൽ പ്രവേശിച്ചുവെന്നും രജിസ്ട്രാർ സമിതിയിൽ വിശദീകരിച്ചു.

62. രജിസ്ട്രാറായി കൺഫർമേഷൻ ഇല്ലാത്തതിനാലും ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ എന്ന നിലയിൽ ലീൻ ഉള്ളതിനാലും ഇതിൽ ചട്ടവിരുദ്ധ മായൊന്നും ചെയ്തിട്ടില്ലെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടേയും, സർവ്വകലാശാലാ രജിസ്ട്രാറുടേയും വിശദീകരണത്തിന്റെ അടി സ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

63. **ഡോ. ജോസ് ജെയിംസിനെ രജിസ്ട്രാർ തസ്തികയിലുള്ള വിരമിക്കൽ പ്രായത്തിനുശേഷം മാതൃസ്ഥാപനമായ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസിലെ ഡയറക്ടർ തസ്തികയിൽ തുടരുവാൻ അനുവദിച്ചതുമായി ബന്ധപ്പെട്ട് നല്കിയ മറുപടിയിൽ അദ്ദേഹത്തിന് രജിസ്ട്രാർ തസ്തികയിൽ കൺഫർമേഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ മാതൃസ്ഥാപനത്തിൽ ലീൻ ഉണ്ടായിരുന്നുവെന്നും അതിനാൽ ചട്ടവിരുദ്ധമായതൊന്നും നടന്നിട്ടില്ലെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും സർവ്വകലാശാലാ രജിസ്ട്രാറും സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി.**

64. **മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ടിലേയും സ്റ്റാറ്റ്യൂട്ടിലേയും വ്യവസ്ഥകൾ പ്രകാരം ജനറൽ റിക്രൂട്ട്മെന്റ് മുഖേന പുതിയ നിയമനമായിട്ടാണ് ഡോ. ജോസ് ജെയിംസിനെ സർവ്വകലാശാലാ രജിസ്ട്രാറായി നിയമിച്ചിരുന്ന തെന്നും ഒരു വർഷം പൂർത്തിയായപ്പോൾ അദ്ദേഹത്തിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ സർവ്വകലാശാലാ രജിസ്ട്രാർ തസ്തികയിലെ വിരമിക്കൽ പ്രായം 55 വയസ്സായിരുന്നുവെന്നും ആയതു പ്രകാരം 29-2-2004-ൽ അദ്ദേഹം വിരമിക്കേണ്ടതായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. 2004 ഫെബ്രുവരി 29-ാം തീയതി രജിസ്ട്രാർ പദവി യിൽ നിന്ന് വിരമിക്കേണ്ട അദ്ദേഹത്തിന് ടി പദവിയിലെ സേവനകാലാവധി പൂർത്തിയാകുമ്പോൾ അദ്ദേഹത്തിന്റെ പഴയ ലാവണമായ സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സ് ഡയറക്ടറായി തിരികെ പ്രവേശിക്കാനുള്ള അനുവാദത്തോടെ 18-10-2003 മുതൽ രണ്ടു വർഷത്തെ അവധി സർവ്വകലാശാല സിൻഡിക്കേറ്റ് അനുവദിച്ചതായി കാണുന്നു. ഡയറക്ടർ തസ്തികയിലേക്ക് തിരികെ ജോലിയിൽ പ്രവേശിക്കുവാനുള്ള അനുവാദം പിന്നീട് ചേർന്ന സിൻഡിക്കേറ്റ് യോഗം റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ, 1-3-2004 മുതലുള്ള അവശേഷിക്കുന്ന ലീവ് റദ്ദ് ചെയ്തുകൊണ്ട് അദ്ദേഹം ഡയറക്ടറായി തിരികെ ജോലിയിൽ പ്രവേശിച്ചതായി വ്യക്തമാകുന്നു.**

65. **നിയമപ്രകാരം രജിസ്ട്രാർ തസ്തികയിൽ നിന്നും 29-2-2004-ൽ വിരമിക്കേണ്ട ഉദ്യോഗസ്ഥന് സിൻഡിക്കേറ്റ് 18-10-2003 മുതൽ രണ്ടുവർഷത്തെ അവധി അനുവദിച്ചതിന്റെ മാനദണ്ഡമെന്തെന്ന് സമിതിക്ക് മനസ്സിലാകുന്നില്ല. സിൻഡിക്കേറ്റിന്റെ പ്രസ്തുത തീരുമാനം ചട്ടവിരുദ്ധമായിരുന്നുവെന്നാണ് സമിതി വിലയിരുത്തുന്നത്. രജിസ്ട്രാർ തസ്തികയിലെ നിയമനം ജനറൽ റിക്രൂട്ട്മെന്റ് മുഖേനയുള്ള പുതിയ നിയമനമാണെന്ന് സ്പഷ്ടമായിരിക്കുകയും പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും അഞ്ചുവർഷത്തിലധികം സേവനം പൂർത്തീകരിക്കുകയും സർവ്വകലാശാലാ രജിസ്ട്രാർ എന്ന ഉന്നത പദവിയിലിരിക്കുകയും ആയതിന്റെ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുകയും ചെയ്ത ഉദ്യോഗസ്ഥന് രജിസ്ട്രാർ തസ്തികയിൽ 'കൺഫർമേഷൻ' ലഭിക്കാത്തതിനാൽ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സിന്റെ ഡയറക്ടർ തസ്തികയിൽ 'ലീൻ' (lien) ഉണ്ടായിരുന്നതിനാലാണ് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അനുവാദം നൽകിയതെന്ന സർവ്വകലാശാലയുടെയും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും വാദം തികച്ചും സാങ്കേതികവും ബാലിശവും മാത്രമാണ്. ആയത് ന്യായയുക്തമോ ചട്ടപ്രകാരം നിലനില്ക്കുന്നതോ അല്ല എന്നും വ്യക്തമാക്കുവാൻ സമിതി ആഗ്രഹിക്കുന്നു. സർവ്വീസിൽ 55 വയസ്സിനു ശേഷവും തുടരണമെന്ന് ടി ഉദ്യോഗസ്ഥന് താല്പര്യമുണ്ടായിരുന്നുവെങ്കിൽ രജിസ്ട്രാർ പദവി സ്വീകരിക്കാതെ അദ്ദേഹം വഹിച്ചിരുന്ന ഡയറക്ടർ പദവിയിൽ തന്നെ തുടരുകയായിരുന്നു ചെയ്യേണ്ടിയിരുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഡയറക്ടറായി ജോലിയിൽ പ്രവേശിക്കുവാനുള്ള അനുവാദം റദ്ദ് ചെയ്തു കൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം നിലവിലിരിക്കെ, രജിസ്ട്രാർ തസ്തികയിൽ നിന്ന് വിരമിക്കേണ്ട തീയതിയുടെ അടുത്ത ദിവസമായ 1-3-2004-ൽ ഡയറക്ടറായി തിരികെ ജോലിയിൽ പ്രവേശിച്ചത് എങ്ങനെയെന്നത് ദുരൂഹമാണ്. ഡയറക്ടർ തസ്തികയിൽ ചാർജ് എടുക്കുന്നതിന് നല്കിയ അനുവാദം റദ്ദ് ചെയ്ത സിൻഡിക്കേറ്റ് പിന്നീട് ആയതിന് അനുവാദം നല്കിയിട്ടുണ്ടോ എന്നകാര്യം അവ്യക്തമാണെന്നാണ് ഓഡിറ്റ് പരാമർശത്തിൽനിന്നും മനസ്സിലാകുന്നത്.**

66. **ആയതിനാൽ, ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ വിശദമായ ഒരു അന്വേഷണം നടത്തുവാനും സർവ്വകലാശാല രജിസ്ട്രാറായി വിരമിക്കേണ്ട ഉദ്യോഗസ്ഥന് ചട്ടവിരുദ്ധമായി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സ് ഡയറക്ടറായി തിരികെ ജോലിയിൽ പ്രവേശിക്കാനും ടി തസ്തികയിൽ തുടരുവാനും അനുവാദം നല്കിയതിന് ഉത്തരവാദികളാരെന്ന് കണ്ടെത്തുവാനും രജിസ്ട്രാറായി 29-2-2004-ൽ വിരമിച്ചിരുന്നെങ്കിൽ ലഭിക്കാമായിരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ കണക്കാക്കി, ഡയറക്ടർ പദവിയുടെ ഫലമായി 1-3-2004 മുതൽ ലഭിച്ച എല്ലാവിധ അധിക സാമ്പത്തിക ആനുകൂല്യങ്ങളും തിരികെ ഈടാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

തിരുവനന്തപുരം,
2013 ഏപ്രിൽ 9.

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

786/2013.

## അനുബന്ധം I

### പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ഖണ്ഡിക നമ്പർ* | *ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 7 | കൃഷി വകുപ്പ് (കേരള കാർഷിക സർവ്വകലാശാല) | കേരള കാർഷിക സർവ്വകലാശാലയ്ക്ക് ലഭിച്ച ഐ. സി. എ. ആർ. ഗ്രാന്റിൽ നിന്നും 1,57,854 രൂപ ചെലവാക്കി ഷാർപ്പ് ബിസിനസ്സ് സിസ്റ്റം, ഇന്ത്യ എന്ന സ്ഥാപനത്തിൽ നിന്നും ഒരു ഹൈ സ്പീഡ് ഡിജിറ്റൽ ഫോട്ടോ കോപ്പിയർ വാങ്ങിയ ഇടപാടിൽ സ്റ്റോർ പർച്ചേയ്സ് നിയമങ്ങളോ കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകളോ പാലിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാന്റ് തുക വർഷാന്ത്യത്തിൽ മാത്രമാണ് ലഭിച്ച തെന്നും ബഹുവിധ സൗകര്യങ്ങളു ള്ളതും എന്നാൽ സുലഭമല്ലാത്തതു മായ മെഷീനായതുകൊണ്ടാണ് പ്രസ്തുത നടപടി സ്വീകരിച്ച തെന്നാണ് ഇത് സംബന്ധിച്ച് സർവ്വക ലാശാലയ്ക്ക് നല്കുവാനുള്ള വിശദീ കരണം. ഓഡിറ്റ് പരാമർശത്തിന് വിധേയമായ വാങ്ങൽ നടത്തിയ ഓഫീസർ സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷം മരണപ്പെട്ട തായും സമിതി മനസ്സിലാക്കുന്നു. |
| 2 | 8 | „ | ചട്ടങ്ങൾക്ക് വിരുദ്ധമായി ഫോട്ടോ കോപ്പിയർ മെഷീൻ വാങ്ങിയതിന് സർവ്വകലാശാല നല്കിയ വിശദീക രണം ന്യായീകരിക്കതക്കതല്ല. ഈ വിഷയത്തിലുള്ള ഓഡിറ്റ് തടസ്സം യഥാസമയം ഉന്നയിക്കുന്നതിൽ ഓഡിറ്റ് വകുപ്പിന്റെ ഭാഗത്തു നിന്നും കാലതാമസം വന്നിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ തദവസരത്തിൽ തന്നെ ബന്ധപ്പെട്ട |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്ക് നോട്ടീസ് നല്കി മറുപടി തേടേണ്ടതും തൃപ്തികര മല്ലാത്തപക്ഷം ഓഡിറ്റ് ഒബ്ജക്ഷൻ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ അനുവർത്തിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതുമായിരുന്നു. ഫോട്ടോ കോപ്പിയർ മെഷീൻ വാങ്ങിയതിൽ ക്രമക്കേട് കണ്ടെത്തിയതിനും ആയത് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയതിനും ഇടയ്ക്കുള്ള കാല യളവിൽ ക്രമക്കേടിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിക്കുകയും ഓഡിറ്റ് തടസ്സത്തിന്മേൽ വിശദീകരണമാരാഞ്ഞുകൊണ്ടുള്ള നോട്ടീസിന് മറുപടി ലഭ്യമാക്കാതെ മരണപ്പെടുകയും ചെയ്തിരിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തി ലുള്ള വിപുലമായൊരു ഓഡിറ്റ് വിംഗ് സർവ്വകലാശാല കോമ്പൗണ്ടിൽ പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടും നട പടിക്രമങ്ങൾ പാലിച്ച് ക്രമക്കേടിനു ത്തരവാദികളായവരുടെ പേരിൽ യഥാ സമയം നടപടി സ്വീകരിക്കാൻ കഴി യാതെ പോയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. |
| 3 | 9 | കൃഷി വകുപ്പ് (കേരള കാർഷിക സർവ്വകലാശാല) | സ്റ്റോർ പർച്ചേയ്സ് മാന്വലിലെ ചട്ടങ്ങളും കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകളും പാലിക്കാതെ പർച്ചേയ്സ് നടത്തുന്ന ഉദ്യോഗസ്ഥ രുടെ പേരിൽ കർശനമായ നടപടി സ്വീകരി ക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. നടപടിക്രമങ്ങൾ പാലിക്കാതെ ഫോട്ടോ കോപ്പിയർ വാങ്ങിയ പ്രവൃത്തി യാതൊരു കാരണവശാലും ന്യായീക രിക്കത്തക്കതായി സമിതി കാണുന്നില്ല. എന്നാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിന്റെയും മെഷീൻ ഇപ്പോഴും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ടെന്ന് കാണുന്നതിന്റേയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 13 | കൃഷി വകുപ്പ് (കേരള കാർഷിക സർവ്വകലാശാല) | വെള്ളാനിക്കര ക്യാമ്പസ് ഡെവലപ്മെന്റ് ആന്റ് സെൻട്രൽ നഴ്സറിയിൽ യൂണിവേഴ്സിറ്റിയിലെ സ്ഥിരം തൊഴിലാളികൾ ചെയ്ത ജോലികൾക്ക് കരാർ അടിസ്ഥാനത്തിൽ എന്നപോലെ വേതനം നല്കിയത് ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ടി കോളേജിലെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നതായും ഓഡിറ്റ് പരാമർശത്തിന് വിധേയനായ ഉദ്യോഗസ്ഥൻ സസ്പെൻഷനിലാണന്നും സമിതി മനസ്സിലാക്കുന്നു. ക്രമക്കേടിന് ഉത്തരവാദിയാണെന്ന് സംശയിക്കപ്പെടുന്ന സസ്പെൻഷനിലായിരിക്കുന്ന ഉദ്യോഗസ്ഥന് ഇനിയും അഞ്ചു വർഷത്തോളം സർവ്വീസ് അവശേഷിക്കുന്നുവെന്നാണ് 9-11-2010-ലെ തെളിവെടുപ്പു യോഗത്തിൽ ഹാജരായ സർവ്വകലാശാല രജിസ്ട്രാറുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. പ്രസ്തുത വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെപേരിൽ കർശനമായ നടപടി എടുക്കുകയും സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം ടി ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുകയും ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 15 | കൃഷി വകുപ്പ് (കേരള കാർഷിക സർവ്വകലാശാല) | സർവ്വകലാശാലാ തൊഴിലാളികളുടെ ശക്തമായ ഇടപെടലിനെത്തുടർന്നാണ് മരങ്ങളുടെ പുനർലേലം നടന്ന തെന്നും തത്ഫലമായാണ് ഗവേഷണ കേന്ദ്രത്തിന് ഉണ്ടാകാമായിരുന്ന നഷ്ടം ഒഴിവായി ഉയർന്ന തുക ലഭിച്ച തെന്നും സമിതി നിരീക്ഷിച്ചു. തൊഴിലാളികൾ കാണിച്ച താല്പര്യം പോലും സർവ്വകലാശാല അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടാകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. |
| 6 | 16 | ,, | ഇപ്പോൾ മരങ്ങളുടെ ലേലവും വില നിർണ്ണയവും വനം വകുപ്പുമായി ചേർന്നാണെന്നും മരങ്ങളുടെ ലേല ത്തിൽ വന്ന അപാകതകൾ പരിഹരിച്ചി ട്ടുണ്ടെന്നുമുള്ള രജിസ്ട്രാറുടെ വിശദീകരണത്തിന്റെയും സർവ്വകലാശാ ലയ്ക്കുണ്ടാകാമായിരുന്ന നഷ്ടം ഒഴിവായതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 7 | 18 | ,, | സീഡ് ജെർമിനേറ്റർ വാങ്ങലുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശ ത്തിൻമേൽ (ഉപകരണം പ്രോഗ്രാമിംഗ് നടത്തി ലഭ്യമാക്കിയിട്ടുണ്ടെന്നും 2005-06 വർഷത്തിലേക്ക് വകയിരുത്തിയ തുക ഓഡിറ്റ് നിരാകരണംമൂലം 2006-07 വർഷത്തേക്ക് അനുവദിച്ചു ക്രമപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള) സർവ്വകലാശാലയുടെ തൃപ്തികരമായ വിശദീകരണത്തിന്റെ അടിസ്ഥാന ത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാ ക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 8 | 20 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | സർവ്വകലാശാല ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അനുവദിച്ച ശമ്പളം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിർണ്ണയിക്കുന്നതിന് അധികവേതനം നൽകിയതിന് സർക്കാരിന്റെ അനുമതി കിട്ടിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ജീവനക്കാർ അവരുടെ ദൈനംദിന ജോലികൾക്ക് പുറമേ ഓഫീസ് സമയത്തിനുശേഷവും അവധി ദിവസങ്ങളിലും ജോലി ചെയ്തതിനാണ് അധികവേതനം നൽകിയതെന്ന വിശദീകരണം പരിഗണിക്കപ്പെടേണ്ടതാണെങ്കിലും ആയത് സർക്കാർ അനുമതി ലഭ്യമായതിനു ശേഷം നല്കുകയായിരുന്നു ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. സർക്കാ രിന്റെ അനുമതിയില്ലാതെ അധിക വേതനം നല്കിയ സർവ്വകലാശാലയുടെ നടപടി ന്യായീകരിക്കത്തക്കതല്ലെങ്കിലും ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ പ്രയോജനം യഥാസമയം ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനും പ്രസ്തുത ജോലി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി അവധി ദിവസങ്ങളിലുൾപ്പെടെ ദൈനംദിന ജോലികൾക്ക് പുറമേ ചെയ്ത അധിക ജോലിക്ക് നൽകിയ വേതനം എന്നത് മുൻ നിർത്തി, സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്ന താക്കീതോടെ, ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 9 | 22 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | റോണിയോ ഓപ്പറേറ്റർമാർക്ക് പ്രത്യേക ബത്ത നല്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് 5-1-2008-ൽ ആണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കാലയളവിൽ ടി ബത്ത സർവ്വകലാശാലാ ജീവനക്കാർക്ക് നല്കുവാൻ വ്യവസ്ഥയുണ്ടായിരുന്നില്ല. അതേസമയം ഗവൺമെന്റ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സെക്രട്ടേറിയറ്റിലെ ജനറൽ അഡ്മിനിസ്ട്രേഷൻ (പൊളിറ്റിക്കൽ എ) വകുപ്പിലെ ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാർക്ക് മാത്രം പ്രസ്തുത ബത്ത അനുവദിച്ചിട്ടുള്ളതായി സമിതി നിരീക്ഷിച്ചു. റോണിയോ ഓപ്പറേറ്റർമാർക്ക് പ്രത്യേക ബത്ത അനുവദിച്ചുകൊണ്ടുള്ള 5-1-2008-ലെ സർക്കാർ ഉത്തരവിൽ മുൻകാല പ്രാബല്യം സംബന്ധിച്ച് പരാമർശമില്ല എന്ന കാരണത്താൽ മുന്നോട്ടുള്ളത് കൊടുക്കുമ്പോൾ ആദ്യം നല്കിയത് ക്രമരഹിതമെന്ന് പറയുവാൻ സാധിക്കുകയില്ലെന്നും ഒരിക്കൽ പ്രദാനം ചെയ്ത സേവനത്തിനാണ് ബത്ത നല്കിയതെന്നുമാണ് ഇതു സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി നല്കിയ വിശദീകരണം. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 10 | 27 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | സർവ്വകലാശാലയിലെ പരീക്ഷാ കൺട്രോളറുടെ വേതനം നിശ്ചയിക്കുന്നതിന് സിൻഡിക്കേറ്റിന് അധികാരമുണ്ടെന്നും ടി വേതനം ഒരു യൂണിവേഴ്സിറ്റി പ്രൊഫസറുടെ ശമ്പളത്തിൽ കുറയരുതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഒരു പ്രൊഫസറുടെ ശമ്പളത്തേക്കാൾ കൂട്ടി എത്ര വേതനവും നൽകുവാൻ സിൻഡിക്കേറ്റിന് അധികാരമുണ്ടെന്ന തെറ്റായ ധാരണയിലാണ് കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി പരീക്ഷാ കൺട്രോളർക്ക് മൂന്ന് ഇൻക്രിമെന്റുകൾ നല്കിയിട്ടുള്ളത്. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പരീക്ഷാ കൺട്രോളറുടെ മുൻഗാമിക്ക് ഇതുപോലെ ക്രമവിരുദ്ധ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മായി നല്കിയ ഇൻക്രിമെന്റുകൾ അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച തടസ്സവാദത്തെ തുടർന്ന് തിരിച്ചടച്ച അനുഭവവും പരാമർശവിധേയമായ മേൽ ഓഡിറ്റ് ഖണ്ഡികയിൽ പരീക്ഷാ കൺട്രോളർക്ക് ഈ വിധത്തിൽ ഇൻക്രിമെന്റ് നല്കുന്നതിനോട് മുൻ സിൻഡിക്കേറ്റിന്റെ എതിർതീരുമാനവും മുന്നിലുണ്ടായിരുന്നിട്ടും അധിക ഇൻക്രിമെന്റുകൾ നല്കുവാൻ പുതിയ സിൻഡിക്കേറ്റ് എടുത്ത തീരുമാനം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായ അധികാരത്തിന്റെ ദുരുപയോഗമാണെന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ പ്രസ്തുത തീരുമാനം ക്രമവിരുദ്ധമാണെന്ന തെളിവെടുപ്പ് വേളയിലെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. പരീക്ഷാ കൺട്രോളർക്ക് ക്രമവിരുദ്ധ ഇൻക്രിമെന്റായി അധികം നൽകിയ തുകയായ 1,75,255 രൂപ മൂന്നു മാസത്തിനുള്ളിൽ തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന തെളിവെടുപ്പ് വേളയിലെ സമിതിയുടെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെ സമിതിക്ക് ലഭിച്ചിട്ടില്ല. എന്നാൽ, ടി തുക തിരിച്ചടയ്ക്കുവാൻ മുൻപരീക്ഷാ കൺട്രോളറോട് യൂണിവേഴ്സിറ്റി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുള്ളതായും ആയത് ഇതുവരെയും അടവാക്കിയിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | 28 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | സമിതി യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് സ്വീകരിച്ച നടപടി സംബന്ധിച്ച് ഒന്നരവർഷം പിന്നിട്ടിട്ടും യാതൊരു മറുപടിയും നല്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ക്രമവിരുദ്ധമായി ഇൻക്രിമെന്റിനത്തിൽ പരീക്ഷാ കൺട്രോളർക്ക് നല്കിയ അധിക തുകയായ 1,75,255 രൂപ (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി ഇരുന്നൂറ്റി അൻപത്തി അഞ്ച്രൂപ) രണ്ടു മാസത്തിനുള്ളിൽ തിരിച്ചുപിടിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, തെളിവെടുപ്പ് യോഗങ്ങളിൽ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ടസമയത്തിനുള്ളിൽ ലഭ്യമാക്കണമെന്നും അക്കാര്യം ബന്ധപ്പെട്ട ഭരണവകുപ്പ് ഉറപ്പുവരുത്തണമെന്നും സമിതി നിഷ്ക്കർഷിക്കുന്നു. |
| 12 | 32 | ,, | അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിവിധയിനം ഫീസുകൾ പിരിക്കുന്നതിനും അവ സംബന്ധിച്ച കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനും ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റുമെന്റുകളും, രജിസ്റ്ററുകളും തയ്യാറാക്കുന്നതിനും പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടെന്ന സർവ്വകലാശാലയുടെ മറുപടിയിലെ വസ്തുതകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സെൽ, ടിയിനത്തിലുള്ള വരവുകളുടെ കണക്കുകൾ എഴുതി സൂക്ഷിക്കുന്നതായും ബോധ്യപ്പെടുന്നു. രേഖാമൂലവും തെളിവെടുപ്പ് വേളയിൽ നല്കിയ മറുപടികളുടെയും വെളിച്ചത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടി അവസാനിപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | 33 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | സർവ്വകലാശാല നാളിതുവരെയായി സിംഗിൾ എൻട്രി സിസ്റ്റത്തിൽ നിന്നും പൂർണ്ണമായി ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറിയിട്ടില്ലെന്നും ആയതിനു വൈമുഖ്യം കാട്ടുന്നതായും സമിതി നിരീക്ഷിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെല്ലാം ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറുവാനുള്ള പ്രക്രിയ ആരംഭിച്ചിട്ടും, ഇതിനായി സമിതിയുടേയും സർക്കാരിന്റെയും ശുപാർശകളുണ്ടായിട്ടും സർവ്വകലാശാല നാളിതുവരെ ആ ദിശയിലേക്കുള്ള പ്രവർത്തനം ആരംഭിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ബാലൻസ് ഷീറ്റ് തയ്യാറാക്കുവാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ട് എന്ന ന്യായമുന്നയിച്ചാണ് സർവ്വകലാശാല ഇപ്പോഴും സിംഗിൾ എൻട്രി സിസ്റ്റം പിൻതുടരുന്നത്. സർവ്വകലാശാലയുടെ പ്രസ്തുത വാദം യുക്തിസഹമാണെന്ന് സമിതി കരുതുന്നില്ല. ആയതിനാൽ മഹാത്മാഗാന്ധി സർവ്വ കലാശാലയുടെ കണക്കുകൾ സൂക്ഷിക്കുന്നതിന് ഡബിൾ എൻട്രി സിസ്റ്റം പ്രാവർത്തികമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആയതിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 14 | 37 | ,, | അധ്യാപകർക്കും അനദ്ധ്യാപകർക്കും അധിക സാമ്പത്തിക ആനുകൂല്യങ്ങൾ നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിരിക്കണമെന്ന വ്യവസ്ഥ നിലവിലിരിക്കെ, സർവ്വകലാശാലകൾ, പോസ്റ്റ് അപ്ഗ്രേഡേഷൻ, സമയബന്ധിത ഹയർ ഗ്രേഡുകൾ, ഉയർന്ന സ്കെയിലുകൾ, യാത്രാപ്പടി എന്നിവ യാതൊരു മാനദണ്ഡവുമില്ലാതെയും സർക്കാരിന്റെ അനുമതി നേടാതെയും യു.ജി.സി./എ.ഐ.സി.റ്റി.ഇ./കെ.എസ്.ആർ. വ്യവസ്ഥകൾക്ക് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിരുദ്ധമായും നല്കുന്നതായി സമിതി മനസ്സിലാക്കുന്നു. സർവ്വകലാശാലയുടെ അക്കാദമികമായ സ്വയംഭരണാവകാശത്തെ ഭരണപരമായ സ്വതന്ത്രാവകാശമായി തെറ്റിദ്ധരിച്ചുള്ള നടപടിയാണിതെന്ന ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. വീട്ടുവാടക ബത്തയും യാത്രാപ്പടി നിരക്കുകളും കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ നല്കുവാൻ പാടില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും നല്കിയ ശുപാർശയുടെ വെളിച്ചത്തിൽ ക്രമവിരുദ്ധമായി നല്കിയ തുക തിരിച്ചുപിടിക്കണമെന്ന സർക്കാർ നിർദ്ദേശം ഒരു സർവ്വകലാശാലാ സിൻഡിക്കേറ്റിൽ വച്ച് 'ഓവർറൂൾ' ചെയ്തതായും സർവ്വകലാശാലകൾ നിയമവിരുദ്ധമായും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയും അധിക സാമ്പത്തിക ആനുകൂല്യം നല്കുന്നത് തുടരുന്നതായും സമിതി നിരീക്ഷിക്കുന്നു. നിയമസഭ നിർമ്മിക്കുന്ന നിയമങ്ങളാൽ രൂപീകൃതമാകുന്ന സർവ്വകലാശാലകൾ പ്രസ്തുത നിയമത്തിലേയും അതിനെ അടിസ്ഥാനമാക്കി രൂപീകരിക്കുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിക്കാതിരിക്കുകയും ആയതിന്മേൽ നിയമസഭാസമിതി നല്കുന്ന ശുപാർശകളെ 'ഓവർറൂൾ' ചെയ്യുകയും ചെയ്യുന്ന സിൻഡിക്കേറ്റുകളുടെ നടപടി സമിതിയോടു മാത്രമല്ല സഭയോടുള്ള അനാദരവായി കൂടി മാത്രമേ കണക്കാക്കുവാൻ കഴിയൂ. സർവ്വകലാശാല സിൻഡിക്കേറ്റുകളുടെ ചട്ടവിരുദ്ധമായ ഇത്തരം തീരുമാനങ്ങളിന്മേൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | 38 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | ചട്ടവിരുദ്ധമായി ഒരു സർവ്വകലാശാല നല്കുന്ന ആനുകൂല്യങ്ങളുടെ ചുവടു പിടിച്ച് ഇതര സർവ്വകലാശാലകളും അവ നല്കുന്ന പ്രവണതയാണ് സമിതി നിരീക്ഷിക്കുന്നത്. അനഭിലഷണീയമായ ഈ പ്രവണത അടിയന്തിരമായി നിർത്തലാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. ചട്ടവിരുദ്ധമായി ആനുകൂല്യങ്ങൾ അനുവദിക്കുവാൻ സിൻഡിക്കേറ്റിന് അധികാരമില്ല. കേരള ഫിനാൻഷ്യൽ കോഡനുസരിച്ച് ക്രമവിരുദ്ധമായി ഏതെങ്കിലും തുക പാസ്സാക്കുന്ന പക്ഷം അത്തരം പ്രവൃത്തിക്ക് പാസ്സാക്കുന്ന ഉദ്യോഗസ്ഥനായിരിക്കും ഉത്തരവാദിയെന്ന് സമിതി മനസ്സിലാക്കുന്നു. അതുകൊണ്ടു തന്നെ, ക്രമവിരുദ്ധമായാണ് സിൻഡിക്കേറ്റ് തീരുമാനമെടുക്കുന്നതെങ്കിലും അവ അനുസരിക്കുവാൻ തങ്ങൾ ബാധ്യസ്ഥരാണെന്ന ഉദ്യോഗസ്ഥരുടെ നിലപാട് സമിതിക്ക് അംഗീകരിക്കാനാകില്ല. നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സിൻഡിക്കേറ്റ് തീരുമാനമെടുത്താൽ ആയത് അസാധുവാക്കാൻ വൈസ് ചാൻസലർക്ക് അധികാരമുള്ളതായും വൈസ് ചാൻസലർമാർ ചില സാഹചര്യത്തിൽ പ്രസ്തുത അധികാരം പ്രയോഗിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. |
| 16 | 39 | ,, | ആയതിനാൽ, ചട്ടങ്ങൾക്ക് വിരുദ്ധമായി വിവിധയിനങ്ങളിൽ നല്കിയ അധിക സാമ്പത്തിക ആനുകൂല്യങ്ങൾ അടിയന്തിരമായി തിരിച്ചു പിടിക്കുവാനും ഭാവിയിൽ ഇങ്ങനെ ആനുകൂല്യങ്ങൾ നല്കാതിരിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോടും സർവ്വകലാശാലയോടും സമിതി ആവശ്യപ്പെടുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ക്രമവിരുദ്ധമായി തുക അനുവദിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സർവ്വ കലാശാലകൾ സാമ്പത്തിക അച്ചടക്കം പാലിക്കണമെന്നും സമിതി ശക്തമായി ആവശ്യപ്പെടുന്നു. |
| 17 | 42 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസ് സിൻഡിക്കേറ്റ് അംഗീകരിച്ചു നടപ്പാക്കിയിട്ടുണ്ടെന്നും അതനുസരിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും ഉള്ള യൂണിവേഴ്സിറ്റി രജിസ്ട്രാറിന്റെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന്മേൽ അനന്തര നടപടികൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 18 | 49 | ,, | രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് നിയമനത്തിനായുള്ള എഴുത്തുപരീക്ഷയുടെ അപേക്ഷാഫാറം തരംതിരിക്കലുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് സർക്കാരിന്റെ അനുമതി നേടാതെയാണ് 3,46,461 രൂപ നല്കിയതെന്ന് സമിതി മനസ്സിലാക്കുന്നു. തെളിവെടുപ്പു യോഗത്തിൽ നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ടി ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. സർക്കാർ സാധൂകരണം ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കാതെയിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 19 | 54 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം സർക്കാരിൽനിന്നും ഭവന നിർമ്മാണ വായ്പയെടുക്കുന്ന സർക്കാർ ജീവനക്കാർക്ക് സ്ഥലവും കെട്ടിടവും സർക്കാരിലേക്ക് പണയാധാരം നടത്തുന്ന സന്ദർഭത്തിലുള്ള ചെലവിൽ സ്റ്റാമ്പ് ഡ്യൂട്ടിയിളവ് നല്കുവാൻ വ്യവസ്ഥ യുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ വ്യവസ്ഥ യൂണിവേഴ്സിറ്റി യുൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപ നങ്ങളിലെ ജീവനക്കാർക്ക് ബാധക മാക്കിയിട്ടില്ല. ഈ വ്യവസ്ഥ പരിഗ ണിക്കാതെയാണ് സർവ്വകലാശാല ജീവനക്കാർക്ക് പണയാധാരം നടത്തുന്ന സന്ദർഭത്തിൽ ഉണ്ടായ ചെലവ് യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും തിരികെ നല്കുന്നത്. സർവ്വ കലാശാലയുടെ ഈ നടപടി ക്രമവിരുദ്ധ മാണ്. സർക്കാർ ജീവനക്കാർക്ക് നല്കുന്ന ആനുകൂല്യങ്ങൾക്ക് സർവ്വ കലാശാല ജീവനക്കാർക്കും അർഹത യുണ്ടെന്ന നിലപാടിൽ പണയാധാര ത്തിനായി മുദ്രപ്പത്രത്തിനു ചെലവാ കുന്ന തുക തിരികെ നല്കുന്ന സർവ്വ കലാശാല, സർക്കാർ നിശ്ചയിച്ചിരിക്കു ന്നതിനേക്കാൾ ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്തയും സർക്കാർ അനുമതി കൂടാതെ നല്കിവരുന്നതാ യാണ് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ വെളിപ്പെടുത്തിയത്. |
| 20 | 55 | ,, | സർക്കാർ, കാലാകാലങ്ങളിൽ അനുവ ദിക്കുന്ന ആനുകൂല്യങ്ങൾ സർവ്വകലാ ശാലാ ജീവനക്കാർക്കായി അനുവദി ക്കുന്നതിൽ സമിതിക്ക് വിയോജിപ്പില്ല. എന്നാൽ, കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ സർവ്വകലാ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ശാലയ്ക്ക് കൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനു പകരം ഏകപക്ഷീയമായി തീരുമാനമെടുത്ത് ആനുകൂല്യങ്ങൾ നല്കുന്നത് അഭിലഷണീയമല്ല. ഭവന വായ്പയ്ക്കു പണയാധാരം നടത്തുന്ന സന്ദർഭത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് നല്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സർവ്വകലാശാലാ ജീവനക്കാർക്കും നല്കണമെന്ന ആവശ്യം ന്യായമാണെന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാലാ ജീവനക്കാർക്ക് ഈ ആനുകൂല്യം നല്കുന്ന പക്ഷം സമാനപദവികളിലുള്ള മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിലും ഇത് നല്കേണ്ടതായി വരുമെന്നും ആയത് ഭാരിച്ച സാമ്പത്തിക ബാധ്യതയ്ക്ക് ഇടയാക്കുമെന്നതിനാൽ പ്രസ്തുത വശവും പരിഗണിച്ചതിനു ശേഷമേ അക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ സാധ്യമാകൂവെന്നാണ് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തിയത്. ഈ സാഹചര്യത്തിൽ, സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ സർവ്വകലാശാലാ ജീവനക്കാർക്കും വീട്ടുവാടക ബത്ത നല്കുന്ന രീതി നടപ്പിലാക്കുന്നതോടൊപ്പം സർവ്വകലാശാല ഫണ്ടിൽനിന്നും ഭവനവായ്പ എടുക്കുന്ന സർവ്വകലാശാലാ ജീവനക്കാർക്ക് പണയാധാരം നടത്തുന്ന സന്ദർഭത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഓഡിറ്റ് തടസ്സമായി ഉന്നയിച്ച തുകയ്ക്ക് സാധൂകരണം നേടണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് സർക്കാരിൽനിന്നും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആയതിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഓഡിറ്റ് ഖണ്ഡികകളിന്മേൽ തടസ്സം ഉന്നയിക്കപ്പെട്ട തുകയ്ക്ക് സർക്കാർ സാധൂകരണം നേടി ഒരു മാസത്തിനകം റിപ്പോർട്ട് നല്കണമെന്നും ശുപാർശ ചെയ്യുന്നു. |
| 21 | 59 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | സർവ്വകലാശാലയുടെ കെട്ടിടനിർമ്മാണ ചുമതല കേന്ദ്ര പൊതു മരാമത്തു വകുപ്പിനെ എല്പിച്ചത്, വലിയ കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള വൈദഗ്ദ്ധ്യത്തെ മുൻനിർത്തിയാണെന്നും നിലവിലുള്ള സർക്കാർ വ്യവസ്ഥകളും നിരക്കുകളും പാലിച്ചുകൊണ്ടാണ് പ്രസ്തുത കരാർ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനു നല്കിയതെന്നുമാണ് സർവ്വകലാശാലയുടെ മറുപടി. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം രണ്ടുവർഷം മുമ്പ് പൂർത്തിയായതായും രജിസ്ട്രാർ അറിയിക്കുകയുണ്ടായി. ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂന്ന് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ആറ് അസി. എഞ്ചിനീയർമാർ, ഓവർസിയർമാർ ഉൾപ്പെടെ 37 പേർ അടങ്ങുന്ന ശക്തമായ ഒരു എഞ്ചിനീയറിംഗ് വിംഗ് ഉള്ളപ്പോഴാണ് സർവ്വകലാശാലയുടെ കെട്ടിട നിർമ്മാണം, പ്രവൃത്തിയുടെ വ്യാപ്തി ചൂണ്ടിക്കാട്ടി മറ്റൊരു ഏജൻസിയെ ഏല്പിച്ചത്. സർവ്വകലാശാലാ എഞ്ചിനീയറിംഗ് വിംഗിന്റെ പ്രവർത്തനം സംബന്ധിച്ച ചർച്ചാവേളയിൽ മുൻ നിയമസഭാ സമിതി നിർദ്ദേശിച്ചതനുസരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക നിർത്തലാക്കിയിട്ടുണ്ടെന്ന് രജിസ്ട്രാർ സമിതിയെ അറിയിച്ചു. പരാമർശ വിധേയമായ കെട്ടിടനിർമ്മാണം മാത്രമല്ല എല്ലാ പ്രവൃത്തികളും ഔട്ട്സോഴ്സ് ചെയ്യുന്നതായാണ് ധനകാര്യവകുപ്പ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അഭിപ്രായപ്പെട്ടത്. അതേ സമയം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിംഗിനുവേണ്ടി പ്രതിവർഷം രണ്ടര കോടി രൂപ ചെലവഴിക്കപ്പെടുന്നതായും അദ്ദേഹം സമിതിയെ അറിയിച്ചു. |
| 22 | 60 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | എഞ്ചിനീയറിംഗ് വിംഗിനുവേണ്ടി സർവ്വകലാശാല ചെലവഴിക്കുന്ന തുകയ്ക്ക് അനുസരിച്ചുള്ള പ്രയോജനം ലഭിക്കുന്നില്ല എന്നു മാത്രമല്ല ആയത് വലിയൊരു ബാധ്യതയായി മാറുന്നതായും സമിതി കരുതുന്നു. പ്രവൃത്തികൾ ഔട്ട്സോഴ്സ് ചെയ്യുന്ന സർവ്വകലാശാലയ്ക്ക് ഇത്രയും വിപുലമായൊരു എഞ്ചിനീയറിംഗ് വിംഗിന്റെ ആവശ്യമുള്ളതായി സമിതി കരുതുന്നല്ല. ആയതിനാൽ സർവ്വകലാശാലയുടെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് അവശ്യം വേണ്ടുന്ന തസ്തികകൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് അതിനനുസൃതമായി നിലവിലുള്ള എഞ്ചിനീയറിംഗ് വിംഗിനെ പുനഃസംഘടിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 23 | 63 | „ | ഡോ. ജോസ് ജെയിംസിനെ രജിസ്ട്രാർ തസ്തികയിലുള്ള വിരമിക്കൽ പ്രായത്തിനുശേഷം മാതൃസ്ഥാപനമായ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസിലെ ഡയറക്ടർ തസ്തികയിൽ തുടരുവാൻ അനുവദിച്ചതുമായി ബന്ധപ്പെട്ട് നല്കിയ മറുപടിയിൽ അദ്ദേഹത്തിന് രജിസ്ട്രാർ തസ്തികയിൽ കൺഫർമേഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ മാതൃസ്ഥാപനത്തിൽ ലീൻ ഉണ്ടായിരുന്നുവെന്നും അതിനാൽ ചട്ടവിരുദ്ധമായതൊന്നും നടന്നിട്ടില്ലെന്നും ഉന്നത |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയും സർവ്വകലാശാലാ രജിസ്ട്രാറും സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. |
| 24 | 64 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ടിലേയും സ്റ്റാറ്റ്യൂട്ടിലേയും വ്യവസ്ഥകൾ പ്രകാരം ജനറൽ റിക്രൂട്ട്മെന്റ് മുഖേന പുതിയ നിയമന മായിട്ടാണ് ഡോ. ജോസ് ജെയിം സിനെ സർവ്വകലാശാലാ രജിസ്ട്രാറായി നിയമിച്ചിരുന്നതെന്നും ഒരു വർഷം പൂർത്തിയായപ്പോൾ അദ്ദേഹത്തിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരുന്നു വെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ സർവ്വകലാശാലാ രജിസ്ട്രാർ തസ്തികയിലെ വിരമിക്കൽ പ്രായം 55 വയസ്സായിരുന്നുവെന്നും ആയതു പ്രകാരം 29-2-2004-ൽ അദ്ദേഹം വിരമിക്കേണ്ടതായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. 2004 ഫെബ്രുവരി 29-ാം തീയതി രജിസ്ട്രാർ പദവിയിൽ നിന്ന വിരമിക്കേണ്ട അദ്ദേ ഹത്തിന് ടി പദവിയിലെ സേവനകാ ലാവധി പൂർത്തിയാകുമ്പോൾ അദ്ദേഹ ത്തിന്റെ പഴയ ലാവണമായ സർവ്വക ലാശാലയുടെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സ് ഡയറക്ടറായി തിരികെ പ്രവേശിക്കാ നുള്ള അനുവാദത്തോടെ 18-10-2003 മുതൽ രണ്ടു വർഷത്തെ അവധി സർവ്വകലാശാല സിൻഡിക്കേറ്റ് അനുവ ദിച്ചതായി കാണുന്നു. ഡയറക്ടർ തസ്തികയിലേക്ക് തിരികെ ജോലിയിൽ പ്രവേശിക്കുവാനുള്ള അനുവാദം പിന്നീട് ചേർന്ന സിൻഡിക്കേറ്റ് യോഗം റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ, 1-3-2004 മുതലുള്ള അവശേഷിക്കുന്ന ലീവ് റദ്ദ് ചെയ്തുകൊണ്ട് അദ്ദേഹം ഡയറക്ടറായി തിരികെ ജോലിയിൽ പ്രവേശിച്ചതായി വ്യക്തമാകുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 25 | 65 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | നിയമപ്രകാരം രജിസ്ട്രാർ തസ്തികയിൽനിന്നും 29-2-2004-ൽ വിരമിക്കേണ്ട ഉദ്യോഗസ്ഥന് സിൻഡിക്കേറ്റ് 18-10-2003 മുതൽ രണ്ടുവർഷത്തെ അവധി അനുവദിച്ചതിന്റെ മാനദണ്ഡമെന്തെന്ന് സമിതിക്ക് മനസ്സിലാകുന്നില്ല. സിൻഡിക്കേറ്റിന്റെ പ്രസ്തുത തീരുമാനം ചട്ടവിരുദ്ധമായിരുന്നുവെന്നാണ് സമിതി വിലയിരുത്തുന്നത്. രജിസ്ട്രാർ തസ്തികയിലെ നിയമനം ജനറൽ റിക്രൂട്ട്മെന്റ് മുഖേനയുള്ള പുതിയ നിയമനമാണെന്ന് സ്പഷ്ടമായിരിക്കുകയും പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും അഞ്ചുവർഷത്തിലധികം സേവനം പൂർത്തീകരിക്കുകയും സർവ്വകലാശാലാ രജിസ്ട്രാർ എന്ന ഉന്നത പദവിയിലിരിക്കുകയും ആയതിന്റെ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുകയും ചെയ്ത ഉദ്യോഗസ്ഥന് രജിസ്ട്രാർ തസ്തികയിൽ 'കൺഫർമേഷൻ' ലഭിക്കാത്തതിനാൽ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സിന്റെ ഡയറക്ടർ തസ്തികയിൽ 'ലീൻ' (lien) ഉണ്ടായിരുന്നതിനാലാണ് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അനുവാദം നൽകിയതെന്ന സർവ്വകലാശാലയുടെയും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും വാദം തികച്ചും സാങ്കേതികവും ബാലിശവും മാത്രമാണ്. ആയത് ന്യായയുക്തമോ ചട്ടപ്രകാരം നിലനില്ക്കുന്നതോ അല്ല എന്നും വ്യക്തമാക്കുവാൻ സമിതി ആഗ്രഹിക്കുന്നു. സർവ്വീസിൽ 55 വയസ്സിനുശേഷവും തുടരണമെന്ന് ടി ഉദ്യോഗസ്ഥന് താല്പര്യമുണ്ടായിരുന്നുവെങ്കിൽ രജിസ്ട്രാർ പദവി സ്വീകരിക്കാതെ അദ്ദേഹം വഹിച്ചിരുന്ന ഡയറക്ടർ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പദവിയിൽത്തന്നെ തുടരുകയായിരുന്നു ചെയ്യേണ്ടിയിരുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഡയറക്ടറായി ജോലിയിൽ പ്രവേശിക്കുവാനുള്ള അനുവാദം റദ്ദ് ചെയ്തുകൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം നിലവിലിരിക്കേ രജിസ്ട്രാർ തസ്തികയിൽ നിന്ന് വിരമിക്കേണ്ട തീയതിയുടെ അടുത്ത ദിവസമായ 1-3-2004-ൽ ഡയറക്ടറായി തിരികെ ജോലിയിൽ പ്രവേശിച്ചത് എങ്ങനെയെന്നത് ദുരൂഹമാണ്. ഡയറക്ടർ തസ്തികയിൽ ചാർജ് എടുക്കുന്നതിന് നല്കിയ അനുവാദം റദ്ദ് ചെയ്ത സിൻഡിക്കേറ്റ് പിന്നീട് ആയതിന് അനുവാദം നല്കിയിട്ടുണ്ടോ എന്ന കാര്യം അവ്യക്തമാണെന്നാണ് ഓഡിറ്റ് പരാമർശത്തിൽ നിന്നും മനസ്സിലാകുന്നത്. |
| 26 | 66 | ഉന്നതവിദ്യാഭ്യാസ വകുപ്പ് (മഹാത്മാഗാന്ധി സർവ്വകലാശാല) | ആയതിനാൽ, ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ വിശദമായ ഒരു അന്വേഷണം നടത്തുവാനും സർവ്വകലാശാല രജിസ്ട്രാറായി വിരമിക്കേണ്ട ഉദ്യോഗസ്ഥന് ചട്ടവിരുദ്ധമായി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് ഡയറക്ടറായി തിരികെ ജോലിയിൽ പ്രവേശിക്കാനും ടി തസ്തികയിൽ തുടരുവാനും അനുവാദം നല്കിയതിന് ഉത്തരവാദികളാരെന്ന് കണ്ടെത്തുവാനും രജിസ്ട്രാറായി 29-2-2004-ൽ വിരമിച്ചിരുന്നെങ്കിൽ ലഭിക്കാമായിരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ കണക്കാക്കി, ഡയറക്ടർ പദവിയുടെ ഫലമായി 1-3-2004 മുതൽ ലഭിച്ച എല്ലാവിധ അധിക സാമ്പത്തിക ആനുകൂല്യങ്ങളും തിരികെ ഈടാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

അനുബന്ധം II

# ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക